KOLO SURYOYO

വി. മർത്തമറിയം യൂത്ത് അസ്സോസിയേഷൻ മണർകാട്

പുസ്തകം – 3 ലക്കം – 2 മാർച്ച് – 2010

Web: www.stmarysyouthmanarcad.org
www.syrianchurch.org/Kolosuryoyo.htm (internet edition)


# കോട്ടയം ഭദ്രാസന ആസ്ഥാന മന്ദിരത്തിന് തറക്കല്ലിട്ടു



*യാക്കോബായ സുറിയാനി സഭയുടെ കോട്ടയം ഭദ്രാസനത്തിന്റെ പുതിയ ആസ്ഥാന മന്ദിരത്തിന്റെ ശിലാസ്ഥാപനം അഭി. ഡോ. തോമസ് മോർ തിമോത്തിയോസ് മെത്രാപ്പോലീത്താ നിർവഹിക്കുന്നു. അഭി. സഖറിയാസ് മോർ പീലക്സിനോസ് മെത്രാപ്പോലീത്ത, കോട്ടയം ഭദ്രാസന സെക്രട്ടറി കെ. കുര്യാക്കോസ് കോർ എപ്പിസ്കോപ്പ കിഴക്കേടത്ത് തുടങ്ങിയവർ സമീപം*

കോട്ടയം: മലങ്കര യാക്കോബായ സുറിയാനി സഭ കോട്ടയം ഭദ്രാസനം കഞ്ഞിക്കുഴിയിൽ പുതുതായി നിർമ്മിക്കുന്ന ആസ്ഥാനമന്ദിരത്തിനു ഭദ്രാസനാധിപൻ അഭി. ഡോ. തോമസ് മോർ തിമോത്തിയോസ് മെത്രാപ്പോലീത്ത ശിലാസ്ഥാപനം നടത്തി. മലബാർ ഭദ്രാസനാധിപൻ അഭി. സഖറിയാസ് മോർ പീലക്സിനോസ് മെത്രാപ്പോലീത്ത സഹകാർമികത്വം വഹിച്ചു. നഗരസഭാധ്യക്ഷ ശ്രീമതി ബിന്ദു സന്തോഷ് കുമാർ ചടങ്ങിൽ പ്രസംഗിച്ചു. ഭദ്രാസനത്തിലെ വൈദികരും വിവിധ പള്ളികളിൽനിന്ന് എത്തിയവരും ചടങ്ങിൽ പങ്കെടുത്തു. കഞ്ഞിക്കുഴിക്കടുത്തുള്ള ഇറഞ്ഞാലിൽ പത്തുവർഷം മുമ്പ് വാങ്ങിയ മൂന്നേക്കർ സ്ഥലത്താണ് പുതിയ മന്ദിരം പണിയുന്നത്.

കഴിഞ്ഞ നൂറ്റാണ്ടിന്റെ ആരംഭം വരെ യാക്കോബായ സഭയുടെ സിരാകേന്ദ്രമായിരുന്നു കോട്ടയം. എന്നാൽ ദുഃഖകരമായ സഭാ വിഭജനത്തോടെ സഭാകേന്ദ്രമായിരുന്ന പഴയ സെമിനാരി മെത്രാൻ കക്ഷികൾ കൈവശപ്പെടുത്തിയതോടെ കോട്ടയത്ത് സഭയ്ക്ക് ആസ്ഥാനമില്ലാതായി. കാലം ചെയ്ത അഭി. ഡോ. ഗീവർഗീസ് മോർ ഗ്രീഗോറിയോസ് തിരുമനസ്സുകൊണ്ട് 1980-ൽ സെന്റ് ജോസഫ് കത്തീഡ്രൽ സ്ഥാപിച്ചതോടെയാണ് സഭയ്ക്ക് കോട്ടയത്ത് ഒരു ആസ്ഥാനമന്ദിരം ഉണ്ടായത്.




# മണർകാട് സെന്റ് മേരീസ് യാക്കോബായ സുറിയാനി കത്തീഡ്രലിൽ ഹാശാആഴ്ച ശുശ്രൂഷകൾ

മണർകാട്: അഭിവന്ദ്യ ഗീവർഗീസ് മോർ അത്താനാസിയോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് പള്ളിയിൽ താമസിച്ച് ഹാശാ ആഴ്ച ശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിക്കും.

മാർച്ച് 29 മുതൽ 31 വരെ എല്ലാ ദിവസവും രാവിലെ 5.00 -ന് പ്രഭാത നമസ്കാരം, 11.30-ന് മദ്ധ്യാഹ്ന പ്രാർത്ഥന, വൈകുന്നേരം 5.30-ന് സന്ധ്യാനമസ്കാരം എന്നിവ ഉണ്ടായിരിക്കും.

**കാൽകഴുകൽ ശുശ്രൂഷ**

പെസഹാ വ്യാഴാഴ്ച വെളുപ്പിന് 2.00 മണിക്ക് പെസഹാ ശുശ്രൂഷകൾ ആരംഭിക്കുന്നു. ഉച്ചകഴിഞ്ഞ് 2.00 മണിക്ക് അഭി. ഗീവറുഗീസ് മോർ അത്താനാസിയോസ് മെത്രാപ്പോലീത്താ തിരുമനസ്സിന്റെ നേതൃത്വത്തിൽ കാൽകഴുകൽ ശുശ്രൂഷ

ഏപ്രിൽ 2 ദുഃഖവെള്ളിയാഴ്ച രാവിലെ 5.00 മണിക്ക് പ്രഭാത നമസ്ക്കാരം, 9.00-ന് മൂന്നാം മണി നമസ്ക്കാരം, 10.00-ന് പ്രദക്ഷിണം, 10.30-ന് മദ്ധ്യാഹ്ന പ്രാർത്ഥന, പ്രസംഗം, 12.00ന് ഇരുപത്തിരണ്ടരയുടെ നമസ്ക്കാരം, 1.00-ന് സ്ലീബാ നമസ്ക്കാരം, സ്ലീബാ ആഘോഷം, പ്രദക്ഷിണം, കുരിശു കുമ്പിടീൽ, ചൊറുക്ക കുടിക്കൽ, 3.30-ന് കബറടക്ക ശുശ്രൂഷ, ആശീർവാദം, 5.00-ന് സന്ധ്യാനമസ്ക്കാരം.

ഏപ്രിൽ 3 (ദുഃഖ ശനി) രാവിലെ 5.00-ന് പ്രഭാത നമസ്ക്കാരം, 11.00-ന് വി. കുർബ്ബാന (കരോട്ടെ പള്ളിയിൽ), വൈകുന്നേരം 5.00-ന് സന്ധ്യാനമസ്ക്കാരം, ഏപ്രിൽ 4 (ഉയർപ്പു ഞായർ) വെളുപ്പിന് 2.00 മണിക്ക് പാതിരാത്രി നമസ്കാരം തുടർന്ന് ഉയിർപ്പു ശുശ്രൂഷകൾ, പ്രഭാത നമസ്കാരം, 5.00 മണിക്ക് വി. കുർബ്ബാന, പ്രദക്ഷിണം, ആശീർവാദം എന്നിവയും ഉണ്ടായിരിക്കും. തുടർന്ന് ഈസ്റ്റർ മുട്ട വിതരണം ഉണ്ടായിരിക്കും. തിങ്കൾ, ചൊവ്വ, ബുധൻ ദിവസങ്ങളിൽ രാവിലെ 8.00 മുതൽ 11.30 വരെയും ഉച്ചകഴിഞ്ഞ് 2.00 മുതൽ 5.00 വരെയും വി. കുമ്പസാരത്തിനുള്ള അവസരം ഉണ്ടായിരിക്കും.

# ജെ. എസ്. വി. ബി. എസ്. ഏപ്രിൽ 5-ന് ആരംഭിക്കും

മണർകാട്: വിശുദ്ധ മർത്തമറിയം യാക്കോബായ സുറിയാനി കത്തീഡ്രലിന്റെ കീഴിൽ പ്രവർത്തിക്കുന്ന 16 സണ്ടേസ്കൂളുകളുടെ ആഭിമുഖ്യത്തിൽ എല്ലാ വർഷവും നടത്തിവരാറുള്ള ജെ. എസ്. വി. ബി. എസ്. ഏപ്രിൽ 5-ന് ആരംഭിക്കുന്നതാണ്. പള്ളിയുടെ എല്ലാ കരകളിലേക്കും വാഹന സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. വിവിധ ദിനങ്ങളിൽ വിദ്യാർത്ഥികളുടെ കലാമത്സരങ്ങൾ, ഫ്ളവർ ഡേ, സ്നേഹവിരുന്ന് എന്നിവ നടത്തപ്പെടുന്നു. 17-ാം തീയതി ശനിയാഴ്ച നടത്തുന്ന റാലിയോടെ വി. ബി. എസ്. സമാപിക്കുന്നതാണ്. *Ìഒരുങ്ങിയിരിപ്പൻÎ* എന്നതാണ് ചിന്താവിഷയം. അദ്ധ്യാപകരാകാൻ താൽപ്പര്യമുള്ളവർ സണ്ടേസ്കൂൾ ഓഫീസുമായി ബന്ധപ്പെടുക.

## കോട്ടയം ഭദ്രാസന വൈദീക ധ്യാനം

മണർകാട്: വലിയ നോമ്പിനോടനുബന്ധിച്ച് കോട്ടയം ഭദ്രാസനത്തിലെ എല്ലാവൈദീകരേയും പങ്കെടുപ്പിച്ചുകൊണ്ട് ഒരു ഏകദിന ധ്യാനം മണർകാട് വിശുദ്ധ മർത്തമറിയം കത്തീഡ്രലിൽവെച്ച് നടത്തപ്പെട്ടു. ഭദ്രാസന മെത്രാപ്പോലീത്ത അഭി. ഡോ. തോമസ് മോർ തീമോത്തീയോസ്, മലബാർ ഭദ്രാസനാധിപൻ അഭി. സഖറിയാസ് മോർ പീലക്സിനോസ് എന്നീ മെത്രാപ്പോലീത്തന്മാർ ധ്യാനത്തിന് നേതൃത്വം നൽകി.

## പ്രതിവാര പ്രാർത്ഥനാ യോഗം നടത്തി

മണർകാട്: വിശുദ്ധ മർത്തമറിയം യൂത്ത് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ എല്ലാ ഞായറാഴ്ചയും നടത്തിവരുന്ന പ്രാർത്ഥനായോഗം കണിയാംപറമ്പിൽ ശ്രീ. സന്തോഷ് കുട്ടിയുടെ ഭവനത്തിൽ വെച്ച് 21-ാം തീയതി ഞായറാഴ്ച നടത്തി. റവ. ഡീക്കൻ ബെന്നി ജോൺ ചിറയിൽ വചനപ്രഘോഷണം നടത്തി.

# അനുശോചന യോഗം

തിരുവഞ്ചൂർ: കോട്ടയം ഭദ്രാസനത്തിലെ പ്രഗത്ഭ വൈദീകനും സെമിനാരി മൽപ്പാനുമായിരുന്ന ബഹു. ചെറിയാൻ കോട്ടയിലച്ചന്റെ ദേഹവിയോഗത്തിൽ തൂത്തൂട്ടി മോർ ഗ്രീഗോറിയോസ് ചാപ്പലിൽ ചേർന്ന യോഗം അനുശോചനം രേഖപ്പെടുത്തി. മാർച്ച് 14-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് ചേർന്ന യോഗത്തിൽ കോട്ടയം ഭദ്രാസനാധിപൻ അഭിവന്ദ്യ ഡോ. തോമസ് മോർ തീമോത്തിയോസ് അദ്ധ്യക്ഷത വഹിച്ചു. മലബാർ ഭദ്രാസനാധിപൻ അഭിവന്ദ്യ സഖറിയാസ് മോർ പീലക്സിനോസ് തിരുമനസ്സുകൊണ്ട് അനുസ്മരണ പ്രഭാഷണം നടത്തുകയും ബഹുമാനപ്പെട്ട അച്ചന്റെ ഫോട്ടോ അനാച്ഛാദനം നിർവ്വഹിക്കുകയും ചെയ്തു. കോട്ടയം എം. എൽ. എ. ശ്രീ വി. എൻ. വാസവൻ വന്ദ്യ ദിവ്യശ്രീ ഏബ്രഹാം കോർഎപ്പിസ്കോപ്പാ കരിമ്പനത്തറ, റവ. ഫാ. ജോർജ് തോമസ് പോത്താനിക്കൽ, റവ. ഫാ. മാത്യൂസ് വടക്കേടത്ത്, ഷെവ. ഉമ്മച്ചൻ വേങ്കടത്ത് എന്നിവർ അനുശോചന പ്രസംഗം നടത്തി.

# അമ്മവീട് കൺവൻഷൻ

വെള്ളൂർ ഗ്രാമറ്റം: കഴിഞ്ഞ അഞ്ചുവർഷമായി ഗ്രാമറ്റത്ത് പ്രവർത്തിച്ചുവരുന്ന അമ്മവീടിന്റെ നേതൃത്വത്തിൽ മാർച്ച് 24, 25, 26, 27 തീയതികളിൽ കൺവൻഷൻ നടത്തപ്പെട്ടു.

മാർച്ച് 24 ബുധനാഴ്ച വൈകിട്ട് 7-ന് ക്നാനായ അതിഭദ്രാസനാധിപൻ അഭി. കുറിയാക്കോസ് മോർ സേവേറിയോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം നിർവ്വഹിച്ചു. റവ. ഫാ. ബിനോ ഫിലിപ്പ് ചിങ്ങവനം വചനപ്രഘോഷണം നടത്തി. മാർച്ച് 25-ന് റവ. ഫാ. ഗീവർഗീസ് നടുമുറിയിൽ പ്രസംഗിച്ചു, 26 വെള്ളിയാഴ്ച വൈകിട്ട് 7-ന് റവ. ഫാ. മാത്യൂസ് തോക്കുപാറ, 27 ശനി രാവിലെ 7.00 മണിക്ക് അഭിവന്ദ്യ ഗീവർഗീസ് മോർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ മുഖ്യകാർമ്മികത്വത്തിൽ വിശുദ്ധ കുർബ്ബാന അർപ്പിക്കുകയും സമാപന സന്ദേശം നൽകുകയും ചെയ്തു.

# കട്ടച്ചിറ പള്ളി സന്ദർശിച്ചു

കട്ടച്ചിറ: വിശുദ്ധ ദൈവമാതാവിന്റെ ചിത്രത്തിൽനിന്ന് സുഗന്ധദ്രവ്യം പ്രവഹിക്കുന്ന കട്ടച്ചിറ സെന്റ് മേരീസ് ചാപ്പൽ, മണർകാട് വിശുദ്ധ മർത്തമറിയം കത്തീഡ്രലിന്റെ കീഴിൽ പ്രവർത്തിക്കുന്ന വയോജന സംഘടനയുടെ നേതൃത്വത്തിൽ സന്ദർശിച്ചു ആരാധനയിൽ സംബന്ധിച്ചു.

# നോമ്പുകാല ധ്യാനം

മണർകാട്: സെന്റ് മേരീസ് യാക്കോബായ സുറിയാനി കത്തീഡ്രലിൽ നോമ്പുകാല സായാഹ്നധ്യാനം മാർച്ച് 26, 27, 28 ദിവസങ്ങളിൽ നടത്തപ്പെടുന്നു.

മാർച്ച് 26(40-ാം വെള്ളി) വൈകുന്നേരം 7.00 മണിക്ക് റവ. ഫാ. കുര്യൻ മാത്യു, വടക്കേപ്പറമ്പിൽ സമർപ്പണ പ്രാർത്ഥനയും തുടർന്ന് 7.30-ന് റവ. ഫാ. സാംസൺ മേലോത്ത് പ്രസംഗവും നടത്തി. മാർച്ച് 27 ശനി വൈകിട്ട് 7.00 മണിക്ക് റവ. ഫാ. ഗീവർഗീസ് നടുമുറിയിൽ സമർപ്പണ പ്രാർത്ഥന, 7.30-ന് വി. വി. എൽദോസ് (സോണൽ സെക്രട്ടറി സെന്റ് പോൾസ് മിഷൻ) പ്രസംഗം എന്നിവ ഉണ്ടായിരിന്നു, മാർച്ച് 28 (ഊശാന ഞായർ) വൈകുന്നേരം 7.00 മണിക്ക് നി. വി. ദി. ശ്രീ. ഗീവറുഗീസ് മോർ അത്താനാസിയോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് ആമുഖ പ്രസംഗവും തുടർന്ന് 7.30-ന് റവ. ഫാ. സജി കിളിയൻ കുന്നത്ത്, കോതമംഗലം പ്രസംഗവും നടത്തുന്നതാണ്.

# ദുഖ്റോനോ പെരുന്നാൾ ആചരിച്ചു

അടൂർ: കൊല്ലം, നിരണം, തുമ്പമൺ ഭദ്രാസനങ്ങളുടെ മെത്രാപ്പോലീത്തയായിരുന്ന് സഭയെ ശുശ്രൂഷിച്ച് കർത്തൃസന്നിധിയിലേയ്ക്ക് വാങ്ങിപ്പോയ പുണ്യശ്ലോകനായ കുറിയാക്കോസ് മോർ കൂറീലോസ് മെത്രാപ്പോലീത്തായുടെ ദുഃഖ്റോനോ പെരുന്നാൾ മാർച്ച് 20-ന് അടൂർ മിഖായേൽ മോർ ദീവന്നാസ്യോസ് ദയറായിൽ നടത്തപ്പെട്ടു.

കണ്ടനാട് ഭദ്രാസനത്തിന്റെ അഭി. മാത്യൂസ് മോർ ഈവാനിയോസ് മെത്രാപ്പോലീത്താ വിശുദ്ധ കുർബ്ബാന അർപ്പിച്ചു. അഭിവന്ദ്യരായ മാത്യൂസ് മോർ തേവോദോസിയോസ്, ഗീവർഗീസ് മോർ കൂറീലോസ്, ഗീവർഗീസ് മോർ ബർണബാസ് എന്നീ മെത്രാപ്പോലീത്തന്മാർ സംബന്ധിച്ചു. നിരണം ഭദ്രാസനത്തിന്റെ അഭിവന്ദ്യ ഗീവർഗീസ് മോർ കൂറിലോസ് തിരുമനസ്സുകൊണ്ട് അനുസ്മരണ പ്രസംഗത്തിൽ ഇങ്ങനെ കൽപ്പിച്ചു. Ìസമ്പന്ന കുടുംബത്തിൽ ജനിച്ച് സഭാശുശ്രൂഷക്കായി സ്വയം ത്യജിച്ച് ശ്രേഷ്ഠമായ ശുശ്രൂഷ നിർവ്വഹിച്ച പുണ്യപിതാവാണ് അഭി. കൂറിലോസ് തിരുമേനി. സാധുക്കളോട് എന്നും കരുണയും കരുതലും ഉണ്ടായിരുന്ന സത്യ ഇടയനാണ് അഭിവന്ദ്യ തിരുമേനി. പരിശുദ്ധ അന്ത്യോഖ്യാ സിംഹാസനത്തോട് അചഞ്ചലമായ കൂറും വിധേയത്വവും അഭി. പിതാവ് മരണം വരെ കാത്തുസൂക്ഷിച്ചു.Î

അടൂരിൽ എല്ലാ സൗകര്യങ്ങളും ഉള്ള അരമന പണിതതിനുശേഷവും മേപ്രാൽ പള്ളിയോട് ചേർന്നുള്ള രണ്ടുമുറി വീട്ടിൽ താമസിക്കുവാൻ അഭിവന്ദ്യ പിതാവ് ആഗ്രഹിച്ചു. ലളിത ജീവിതം കൊണ്ട് അനേകർക്ക് മാതൃകയായി വർത്തിക്കുവാൻ അഭിവന്ദ്യ പിതാവിന് സാധിച്ചു.

# സണ്ടേസ്കൂൾ വാർഷികം നടത്തി

വടവാതൂർ: മണർകാട് വിശുദ്ധ മർത്തമറിയം യാക്കോബായ സുറിയാനി കത്തീഡ്രലിന്റെ കീഴിൽ പ്രവർത്തിക്കുന്ന വടവാതൂർ സെന്റ് മേരീസ് സണ്ടേസ്കൂളിന്റെ വാർഷികവും സമ്മാനദാനവും മാർച്ച് 21-ാം തീയതി ഞായറാഴ്ച സണ്ടേസ്കൂളിൽ വച്ച് നടത്തപ്പെട്ടു. റവ. ഫാ. കുറിയാക്കോസ് കാലായിൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിന്റെ ഉദ്ഘാടനം സണ്ടേസ്കൂൾ ഇൻസ്പെക്ടർ റവ. ഫാ. മാത്യു എം. ബാബു വടക്കേപ്പറ നിർവ്വഹിച്ചു. സണ്ടേസ്കൂൾ പ്രതിനിധി ശ്രീ. ബിജു, ശ്രീ. ജീമോൻ കൊല്ലേട്ട് എന്നിവർ ആശംസാ പ്രസംഗങ്ങൾ നടത്തി. ഹെഡ്മാസ്റ്റർ റവ. ഫാ. കുറിയാക്കോസ് എടാട്ട് സ്വാഗതവും ശ്രീ സാജൻ എടാട്ട് കൃതജ്ഞതയും രേഖപ്പെടുത്തി. കുട്ടികളുടെ കലാപരിപാടികളും ഉണ്ടായിരുന്നു.

# ദുഖ്റോനോ പെരുന്നാൾ

മണർകാട്: കൊല്ലം, നിരണം, തുമ്പമൺ ഭദ്രാസനങ്ങളുടെ മെത്രാപ്പോലീത്തയായിരുന്ന് സഭയെ ശുശ്രൂഷിച്ച് കർത്തൃസന്നിധിയിലേക്ക് വാങ്ങിപ്പോയ പുണ്യശ്ലോകനായ കുറിയാക്കോസ് മോർ കൂറീലോസ് മെത്രാപ്പോലീത്തായുടെ ദുഃഖ്റോനോ പെരുന്നാൾ മാർച്ച് 21-ന് മണർകാട് വിശുദ്ധ മർത്തമറിയം യാക്കോബായ സുറിയാനി കത്തീഡ്രലിൽ നടത്തപ്പെട്ടു. വികാരി വന്ദ്യദിവ്യശ്രീ ഇ. ടി. കുറിയാക്കോസ് കോർ എപ്പിസ്കോപ്പാ ഇട്ട്യേടത്ത്, വന്ദ്യദിവ്യശ്രീ. കരിമ്പനത്തറ ഏബ്രഹാം കോർ എപ്പിസ്കോപ്പാ, റവ. ഫാ. ആൻഡ്രൂസ് ചിരവത്തറ എന്നിവർ നേതൃത്വം നൽകി.

# പരിശുദ്ധനായ മോർ ഒസ്താത്തിയോസ് സ്ലീബാ ബാവ



അഭിവന്ദ്യ കുര്യാക്കോസ് മോർ യൂലീയോസ് മെത്രാപ്പോലീത്താ

“നോമ്പാൽ ജനിച്ചു, നോമ്പാൽ വളർന്നു, നോമ്പാൽ ജീവിച്ചു. നോമ്പാൽ എടുക്കപ്പെട്ടു.” പരിശുദ്ധ അന്ത്യോഖ്യാ സിംഹാസന പ്രതിനിധിയായിരുന്ന മോർ ഒസ്താത്തിയോസ് ബാവ തിരുമനസ്സിലെ കബറടക്ക ദിവസം, കോട്ടയം മുതലായ ഇടവകകളുടെ മോർ മീഖായേൽദീവന്നാസിയോസ് തിരുമേനി, ചെയ്ത അന്തിമോപചാര പ്രസംഗത്തിലെ ശ്രദ്ധേയമായ ഒരു ഭാഗമാണിത്. പുണ്യശ്ലോകനായ മോർ ഒസ്താത്തിയോസ് ബാവ തിരുമേനിയെക്കുറിച്ച് മലങ്കരയിലെ മദ്ധ്യവയസ്ക്കർക്കും, വയോവൃദ്ധർക്കും പലതും പറയുവാനുണ്ട്. തിരുമനസ്സിലെ മാതൃകാപരമായ ലളിത ജീവിതം, നിഷ്കളങ്കവും, ആകർഷണീയവും, കൃത്യനിഷ്ഠയുള്ളതുമായ പെരുമാറ്റരീതി, അത്ഭുതകരമായ സിദ്ധികൾ ഇവയെല്ലാം സൽചരിതനായ അദ്ദേഹത്തിൽ വിളങ്ങിയിരുന്ന സവിശേഷതകളായിരുന്നു.

ഇദ്ദേഹം മെസപ്പത്തോമിയായിലെ ഓമീദ് നഗരത്തിനടുത്തുള്ള കഫർസോ ഗ്രാമത്തിൽ 1854 മകരം 1-ന് (സുറിയാനി കലണ്ടർ പ്രകാരം പുതുവത്സരദിനം) ഭൂജാതനായി. ഇദ്ദേഹത്തിന്റെ പേർ കുരിശിന്റെ പര്യായമായ സ്ലീബാ എന്നായിരുന്നു തന്റെ വിദ്യാഭ്യാസശേഷം ശെമവൂൻ മോർ അത്താനാസ്യോസിൽനിന്നും സ്ലീബാ, ശെമ്മാശപട്ടം സ്വീകരിച്ചു. പരി. പത്രോസ് നാലാമൻ പാത്രിയർക്കീസ് ബാവാ തിരുമേനി 1880-ൽ ശെമവോൻ മോർ അത്താനാസിയോസ് തിരുമേനിയെ അന്ത്യോഖ്യാ സിംഹാസനത്തിന്റെ പ്രതിനിധിയായി മലങ്കരയിലേക്ക് നിയോഗിച്ചയച്ചപ്പോൾ, സ്ലീബാ ശെമ്മാശനേയും അദ്ദേഹത്തിന്റെ സഹായിയായി അയച്ചു. 1889-ൽ ശെമവൂൻ മോർ അത്താനാസിയോസ് തിരുമേനി കാലം ചെയ്തപ്പോൾ സ്ലീബാ ശെമ്മാശൻ മലങ്കരസഭയിലെ വിവിധ ആദ്ധ്യാത്മിക പ്രവർത്തനങ്ങളിൽ വ്യാപൃതനായി. സൺഡേസ്കൂൾ, വൈദികവിദ്യാഭ്യാസം, പ്രസംഗപര്യടനം എന്നീ വിവിധ നിലകളിൽ അദ്ദേഹം പ്രവർത്തിച്ചു തുടങ്ങി. സുറിയാനിയിലും, വേദശാസ്ത്രത്തിലും ശെമ്മാശൻ അഗാധപണ്ഡിതനായിരുന്നു. സ്ലീബാ ശെമ്മാശൻ മലങ്കര മെത്രാപ്പോലീത്ത ആയിരുന്ന ജോസഫ് മോർ ദീവന്നാസിയോസിന്റെ വാത്സല്യ ഭാജനവുമായിരുന്നു. തന്റെ ഗുരുവും, മുൻഗാമിയുമായ ശെമവൂൻ മോർ അത്താനാസ്യോസിന്റെ കാലശേഷം പരിശുദ്ധ അന്ത്യോഖ്യാ സിംഹാസനത്തിന്റെ പ്രതിനിധിയെന്ന നിലയിൽ ശെമ്മാശൻ പ്രവർത്തിച്ചുകൊണ്ടിരുന്നു. 1895-ൽ മോർ ഗ്രീഗോറിയോസ് ഗീവറുഗീസ് തിരുമനസ്സുകൊണ്ട് (ചാത്തുരുത്തിൽ കൊച്ചു തിരുമേനി) ഊർശ്ലേമിലെ പുണ്യ സ്ഥലങ്ങൾ സന്ദർശിക്കുവാൻ പോയപ്പോൾ സ്ലീബാ ശെമ്മാശനും തിരുമേനിയോടുകൂടെ ശീമയിലേക്ക് പോയി. ആ യാത്രയിൽ അനേകരെ പരിചയപ്പെടുത്തുന്നതിനും, ദ്വിഭാഷി എന്ന നിലയിലും ശെമ്മാശൻ അദ്ദേഹത്തെ സഹായിച്ചിരുന്നു. തിരിച്ചെത്തിയശേഷം 1906-ൽ മലങ്കരയിൽ നിന്നുള്ള മേൽപ്പട്ട സ്ഥാനികളോടുകൂടെ ശെമ്മാശൻ ശീമയിലേക്ക് പോവുകയും, മോസലിൽ മോർ മത്തായിയുടെ ദയറായിൽ വെച്ച് മോർ കൂറിലോസ് ഏലിയാസ് കദ്സോ മെത്രാപ്പോലീത്തായിൽനിന്ന് റമ്പാൻ സ്ഥാനവും, കശീശ്ശാ പദവിയും സ്വീകരിക്കുകയും ചെയ്തു. 1908-ൽ അന്ത്യോഖ്യായുടെ ഇഗ്നാത്തിയോസ് അബ്ദുള്ള ദ്വിതീയൻ പാത്രിയർക്കീസ് ബാവാ തിരുമനസ്സുകൊണ്ട് മർദ്ദീനിലെ 40 സഹദേന്മാരുടെ പള്ളിയിൽവെച്ച് മോർ ഒസ്താത്തേവോസ് എന്ന നാമത്തിൽ ഇദ്ദേഹത്തിന് മെത്രാൻപട്ടം കൊടുക്കുകയും, മെത്രാൻ സ്ഥാനമേറ്റു മടങ്ങുന്ന മോർ ദിവന്നാസ്യോസ് ഗീവറുഗീസ്, മോർ കൂറിലോസ് പൗലോസ് എന്നിവരോടുകൂടെ അന്ത്യോഖ്യാ സിംഹാസനത്തിന്റെ മലങ്കരയിലെ പ്രതിനിധിയായി ഇദ്ദേഹത്തെ നിയമിച്ചയക്കുകയും ചെയ്തു.

മോർ ഒസ്താത്തേവോസ് ബാവ തിരുമേനി- ഭക്തി സംവർദ്ധകമായ ഒരു പുണ്യജീവിതത്തിന്റെ പര്യായമാണത്. മറ്റുള്ളവരുടെ ഹൃദയ തകർച്ച കണ്ട് അവരോടുകൂടെ സങ്കടപ്പെടുവാനും, മറ്റുള്ളവരുടെ നിഷ്കളങ്ക സന്തോഷത്തിൽ അവരോടുകൂടെ പങ്കുകൊള്ളുവാനും തക്ക ഒരു നിർമ്മല ഹൃദയമായിരുന്നു അദ്ദേഹത്തിനുണ്ടായിരുന്നത്.

തിരുമനസ്സിലെ ആത്മീക ജീവിത ചര്യകൾ അലസമാകാത്തതായിരുന്നു. എല്ലാ യാമങ്ങളിലുമുള്ള പ്രാർത്ഥന, നോമ്പ്, ഉപവാസം, ജാഗരണം എന്നീ ആദ്ധ്യാത്മികാനുഷ്ഠാനങ്ങൾ കൃത്യമായി നിർവ്വഹിക്കുന്നതിൽ തിരുമേനി ഉത്സുകനായിരുന്നു. പ്രാർത്ഥനകൾക്കും, ശുശ്രൂഷകൾക്കും ദീർഘസമയം ചെലവഴിക്കുക തിരുമനസ്സിലെ പതിവായിരുന്നു. തിരുമേനിയുടെ ലളിത ജീവിതവും പ്രസിദ്ധമായിരുന്നു. കുന്നംകുളം സിംഹാസന പള്ളിയുടെ സ്ഥാപനത്തിന് മുൻപ്, കുറുനരികളുടെയും ഇഴജന്തുക്കളുടെയും സ്വൈര്യ വിഹാരരംഗമായിരുന്ന ആർത്താറ്റ് ഗ്രാമത്തിൽ -മലങ്കരയിലെ മണിമേടകളുള്ള ദൈവാലയങ്ങളിൽ താമസിക്കണമെന്നാശിക്കാതെ-പനമ്പും ഓലയും കൊണ്ട് മറച്ച ഒരു ചെറുകുടിലിൽ കഴിയുന്നതിൽ തിരുമേനി തികച്ചും സംതൃപ്തനായിരുന്നു. തിരുമനസ്സിലെ ഭക്ഷണ രീതി ഏറ്റവും ലളിതവും ജീവിതക്രമം വിനയസന്വിതവുമായിരുന്നു. തന്റെ നിഷ്കളങ്കമായ ഹൃദയലാളനകൾ അനുഭവിക്കാത്തവർ തിരുമേനിയുമായി പരിചയപ്പെട്ടവരിൽ ഉണ്ടായിരുന്നില്ല. നന്മ ചെയ്യുന്നതിൽ തളരാത്തതായ വിശിഷ്ട സ്വഭാവം തന്നിലേക്ക് ജാതി മതഭേദമെന്യെ പലരേയും ആകൃഷ്ടരാക്കിയിട്ടുണ്ട്. അർഹർക്കും അനർഹർക്കും എന്നുവേണ്ട, തന്നോട് ചോദിക്കുന്ന ഏവർക്കും സഹായം നൽകുക എന്നത് തിരുമനസ്സിലെ പ്രത്യേകതയായിരുന്നു. സ്വന്തം മടിശീല അതുമൂലം ശുഷ്കമാകുമ്പോൾ കടം വാങ്ങിയും മറ്റുള്ളവരുടെ ആവശ്യങ്ങളെ നിറവേറ്റുവാൻ തിരുമേനി പ്രത്യേകം കരുതിയിരുന്നു. അതേ സമയം സ്വന്ത ആവശ്യങ്ങൾക്ക് മിതവ്യയം ശീലിച്ചിരുന്നു എന്നുള്ളത് ശ്രദ്ധേയമാണ്. എന്നാൽ തിരുമനസ്സിലെ ഈ നിഷ്കളങ്ക സ്വഭാവത്തെ ചൂഷണം ചെയ്തവർ അക്കാലത്തും വിരളമായിരുന്നു.

പരിശുദ്ധ അന്ത്യോഖ്യാ സിംഹാസന പ്രതിനിധി എന്ന നിലയിൽ തന്റെ കർത്തവ്യങ്ങൾ വിശ്വസ്തതയോടെ നിർവ്വഹിക്കുന്നതിൽ തിരുമേനി പ്രത്യേകം നിഷ്കർഷിച്ചിരുന്നു. മലങ്കര സഭയിലെ കോളിളക്കങ്ങൾ ആരംഭിച്ചിരുന്ന ആ അവസരത്തിൽ സഭാ നൗകയെ പിടിച്ചുലച്ച കൊടുങ്കാറ്റുകളേയും, തിരമാലകളേയും നേരിട്ട് അതിനെ നേർവഴിക്ക് നയിക്കുവാൻ തിരുമേനി ഉത്സാഹിച്ചിരുന്നു. അതിനായി പരിശുദ്ധ പാത്രിയർക്കീസ് ബാവാ, ടർക്കി സുൽത്താൻ, ഇൻഡ്യാ വൈസ്രോയി, മദ്രാസ് ഗവർണ്ണർ, തിരുവിതാംകൂർ റസിഡന്റ്, തിരുവിതാംകൂർ കൊച്ചി രാജാക്കന്മാർ എന്നിവരുമായി സമ്പർക്കം പുലർത്തിയ തന്റെ കത്തുകളെക്കുറിച്ച് തിരുമേനി എഴുതി സൂക്ഷിച്ചിട്ടുള്ള ഡയറിക്കുറിപ്പുകളിൽ കാണുന്നു.

വേദശാസ്ത്രം, സഭാചരിത്രം എന്നിവയിൽ തിരുമനസ്സിലേക്കുണ്ടായിരുന്ന പാണ്ഡിത്യം അഗാധമായിരുന്നു. അദ്ദേഹത്തിന്റെ പ്രസംഗങ്ങളിൽ ഭൂരിഭാഗവും ഹൃദയസ്പർശകങ്ങളായിരുന്നു. അവ കേൾവിക്കാരുടെ മനസ്സിന് ആന്തരീകമായ ഒരു പരിവർത്തനം സംജാതമാക്കുകയും തദ്വാര പശ്ചാത്തപക്കണ്ണീർ പൊഴിക്കുവാൻ പര്യാപ്തവുമായിരുന്നു.

അഭിവന്ദ്യ തിരുമേനി അനേകം ആളുകളോട് ദൈവവചനം പ്രസംഗിച്ച് വിശ്വസിച്ച ആളുകളെ സഭയിലേക്ക് ചേർത്തു. അഭിവന്ദ്യ പിതാവിന്റെ ജീവിതകാലത്ത് അനേകർക്ക് തന്റെ പ്രാർത്ഥനയാൽ രോഗ സൗഖ്യവും ദൈവീക നന്മകളും പ്രാപിക്കുവാനും സാധിച്ചിട്ടുണ്ട്. സഭയുടെ കലഹത്തിന്റെ കാലത്തും തിരുമേനി വളരെ സംയമനം പാലിക്കുകയും ഉത്തമ ജീവിതം നയിക്കുകയും ചെയ്തു.

തിരുമനസ്സിലെ അത്ഭുതകരമായ സിദ്ധികൾ അനവധിയാണ്. അദ്ദേഹത്തിൽനിന്ന് അനുഗ്രഹവും, അതിശയവും പ്രാപിച്ചിട്ടുള്ളവരുടെ സ്വാനുഭവങ്ങൾ വിവരിച്ചു കേൾക്കുന്നത് ഏവരേയും കോൾമയിർ കൊള്ളിച്ചിരുന്നു. തിരുമനസ്സിലെ സന്നിധിയിൽ നിന്ന് പ്രാർത്ഥനയാലും, മോർ കൗമായുടെ തിരുശേഷിപ്പിട്ട വെള്ളത്താലും സൗഖ്യം പ്രാപിച്ചവർ അനേകരാണ്. ദുരാത്മപീഢിതർ, വിവിധ രോഗാവസ്ഥയിലും അവശതയിലും അകപ്പെട്ടവർ, വന്ധ്യത എന്നുവേണ്ട ഏവർക്കും ഒരു കർത്തൃശിഷ്യനും പുണ്യവാനും, മഹാപുരോഹിതനും എന്ന നിലയിൽ തിരുമേനി പ്രവർത്തിച്ചിട്ടുള്ള അതിശയങ്ങൾ അളവറ്റവയാണ്.

വാർദ്ധക്യ കാലത്ത് ഹെർണിയ രോഗം തിരുമേനിയെ കഠിനമായി ബാധിച്ചിരുന്നു. 1930 (മീനം) മാർച്ച് മാസം 19-ന് തിരുമനസ്സിലെ ആസ്ഥാനമായിരുന്ന കുന്നംകുളം സിംഹാസന പള്ളിയിൽ വെച്ച് തിരുമേനി കാലം ചെയ്തു. തിരുമനസ്സിലെ കബറിടം അത്ഭുതകരമായ അനേകം സംഭവങ്ങൾക്ക് ഇന്നും സാക്ഷ്യം വഹിച്ചു കൊണ്ടും അതിൽ നിന്നുള്ള അനുഗ്രഹരശ്മികൾ നാനാ ദേശത്തെങ്ങും പ്രസരിപ്പിച്ചു കൊണ്ടും കുന്നംകുളം സിംഹാസന പള്ളിയിൽ നിലകൊള്ളുന്നു.

## ദുഖ്റോനോ



കടവിൽ ഡോ. പൗലോസ് മോർ അത്താനാസ്യോസ് (മാർച്ച് 7)



പരിശുദ്ധ സ്ലീബാ മോർ ഒസ്താത്തിയോസ് (മാർച്ച് 19)



അഭിവന്ദ്യ കുറിയാക്കോസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത (മാർച്ച് 22)



വെരി.റവ. കുറിയാക്കോസ് കോർ എപ്പിസ്ക്കോപ്പാ പാതയിൽ (മാർച്ച് 13)

## സ്നേഹസ്മരണ



**അലക്സ് പാലാത്തറ**

ജനനം : 6.11.1964

മരണം : 16.03.2006

*Inserted by:* **Suresh John**

# പുതിയ മെത്രാപ്പോലീത്തായെ വാഴിച്ചു



പരിശുദ്ധ പാത്രിയർക്കീസ് ബാവാ തിരുമനസ്സുകൊണ്ട് യൂഹാനോൻ കവാക്ക് റമ്പാനെ മോർ ദീവന്നാസ്യോസ് എന്ന പേരിൽ മെത്രാപ്പോലീത്തായായി വാഴിക്കുന്നു.



യാക്കോബായ സഭ കോട്ടയം ഭദ്രാസനം കഞ്ഞിക്കുഴിക്കടുത്തുള്ള ഇറഞ്ഞാലിൽ പുതുതായായി നിർമ്മിക്കുന്ന ആസ്ഥാനമന്ദിരത്തിന്റെ രൂപരേഖ



ബഹുമാനപ്പെട്ട ചെറിയാൻ കോട്ടയിലച്ചന്റെ കബറിങ്കൽ അഭിവന്ദ്യ സക്കറിയാസ് മോർ ഫീലക്സിനോസ് മെത്രാപ്പോലീത്ത ധൂപപ്രാർത്ഥന നടത്തുന്നു.



ബഹു. കോട്ടയിലച്ചന്റെ 40-ാം ചരമദിനത്തോടനുബന്ധിച്ച് നടത്തിയ അനുസ്മരണസമ്മേളനത്തിൽ അഭിവന്ദ്യ ജോസഫ് മോർ ഗ്രീഗോറിയോസ് തിരുമേനിപ്രസംഗിക്കുന്നു.



ബഹു. കോട്ടയിലച്ചന്റെ 40-ാം ചരമദിനത്തോടനുബന്ധിച്ച് നടത്തിയ അനുസ്മരണസമ്മേളനത്തിൽ ശ്രീ. കെ. സി. ജോസഫ് എം. എൽ. എ. പ്രസംഗിക്കുന്നു.

## ജന്മദിനാശംസകൾ



**മോർ യൂലിയോസ് അബ്ദുൾ ആഹാദ് ഷാബോ**
മാർച്ച് 8
ആർച്ച് ബിഷപ്പ് സ്വീഡൻ



**മോർ ഒസ്താത്തിയോസ് മത്താ റോഹേം**
മാർച്ച് 16
ആർച്ച് ബിഷപ്പ്
ജസീറിയ യൂഫ്രട്ടീസ്



**മോർ തിയോഫിലോസ് ജോർജ് സലിബ**
മാർച്ച് 31
ആർച്ച് ബിഷപ്പ്
ലെബനോൻ

# യോർദ്ദാനിൽ സുറിയാനി സഭയ്ക്ക് പുതിയ ദൈവാലയം സ്ഥാപിതമാകുന്നു



*യോർദ്ദാനിലെ പുതിയ ദൈവാലയത്തിന്റെ അടിസ്ഥാന ശില ഊർശ്ലേം ഭദ്രാസനാധിപനും മർക്കോസിന്റെ ദയറാ തലവനുമായ അഭി. മോർ സേവേറിയോസ് മൽക്കി മുറാദ് തിരുമനസ്സു കൊണ്ട് സ്ഥാപിക്കുന്നു.*

യോർദ്ദാൻ: നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തു യോഹന്നാൻ സ്നാപകനിൽനിന്ന് സ്നാനമേറ്റ യോർദ്ദാൻ നദിയുടെ തീരത്ത് സുറിയാനി സഭയ്ക്ക് പുതിയ ദേവാലയം സ്ഥാപിതമാകുന്നു. 2010 ഫെബ്രുവരി 13 ശനിയാഴ്ച ഊർശ്ലേം ഭദ്രാസനാധിപൻ അഭിവന്ദ്യ മോർ സേവേറിയോസ് മൽക്കി മുറാദ് തിരുമനസ്സു കൊണ്ട് ദൈവാലയത്തിന്റെ അടിസ്ഥാന ശില സ്ഥാപിച്ചു. വേദപുസ്തക പരമായും ചരിത്ര ഗ്രന്ഥങ്ങൾ അനുസരിച്ചും യേശുക്രിസ്തു സ്നാനമേറ്റ അതേ സ്ഥാനത്താണ് ദൈവാലയം സ്ഥാപിതമായിരിക്കുന്നത്. അനേകം സഞ്ചാരികളും തീർത്ഥാടകരും ദിനംപ്രതി ഈ സ്ഥലം സന്ദർശിക്കാറുണ്ട്. യോർദ്ദാനിലെ അബ്ദുള്ള രണ്ടാമൻ രാജാവ് സൗജന്യമായി നൽകിയ സ്ഥലത്താണ് ദൈവാലയം പണിയുന്നത്. യോർദ്ദാൻ, അമ്മാൻ, ഊർശ്ലേം, ബേത്‌ലഹേം തുടങ്ങിയ സ്ഥലങ്ങളിൽനിന്ന് നൂറുകണക്കിന് സുറിയാനിക്കാർ ഈ മംഗളകർമ്മത്തിന് സാക്ഷികളായി.

യോഹന്നാൻ സ്നാപകന്റെ നാമത്തിലാണ് ദൈവാലയം സ്ഥാപിതമായിരിക്കുന്നത്.

## മോർഗ്രീഗോറിയൻ ധ്യാനകേന്ദ്രം 2010-ലെ മാസ ധ്യാനങ്ങൾ

തൂത്തൂട്ടി: ഏപ്രിൽ 5-9 (പ്രാരംഭധ്യാനം) 19-23 (ആന്തരിക സൗഖ്യധ്യാനം), മെയ് 3-7 (പ്രാർത്ഥനാരംഭ ധ്യാനം) 17-21 (പ്രാരംഭധ്യാനം), ജൂൺ 7-11 (വൈദിക ധ്യാനം, 21-25 (പ്രാരംഭ ധ്യാനം), ജൂലൈ 5-9 (പ്രാരംഭ ധ്യാനം), 19-23 (ദൈവസ്നേഹാനുഭവധ്യാനം), ആഗസ്റ്റ് 9-13 (പ്രാരംഭധ്യാനം), 23-27 (യുവതീയുവാക്കന്മാർക്കുള്ള ധ്യാനം), സെപ്റ്റംബർ 13-17 (പരിശുദ്ധാത്മാഭിഷേകധ്യാനം), 27-1 (പ്രാരംഭ ധ്യാനം), ഒക്ടോബർ 11-15 (പ്രാരംഭ ധ്യാനം), 25-29 (പ്രാരംഭ ധ്യാനം), നവംബർ 15-19 (ആന്തരികസൗഖ്യ ധ്യാനം), 29-3 (പ്രാരംഭധ്യാനം) ഡിസംബർ 13-17 (പ്രാരംഭധ്യാനം), 27-31 (കുട്ടികൾക്കുള്ള ധ്യാനം),

2010-ലെ ഏകദിന ധ്യാനങ്ങൾ ഏപ്രിൽ 10, മെയ് 8, ജൂൺ 12, ജൂലായ് 10, ആഗസ്റ്റ് 14, സെപ്റ്റംബർ 11, ഒക്ടോബർ 9, നവംബർ 13, ഡിസംബർ 11 എന്നീ ദിവസങ്ങളിൽ തൂത്തൂട്ടിയിൽ വെച്ച് രാവിലെ 9.30 മുതൽ 3.30 വരെ നടത്തപ്പെടുന്നതാണ്. ധ്യാനങ്ങൾക്ക് അഭി. സഖറിയാസ് മോർ പീലക്സീനോസ് മെത്രാപ്പോലീത്താ നേതൃത്വം നൽകുന്നതാണ്.

# പുണ്യശ്ലോകനായ കുര്യാക്കോസ് മോർ കൂറിലോസ് മെത്രാപ്പോലീത്ത

### അഭിവന്ദ്യ മാത്യൂസ് മോർ തേവോദോസ്യോസ് മെത്രാപ്പോലീത്തയുടെ ഒരു അനുസ്മരണം



പ്രസിദ്ധമായ മേപ്രാൽ പുതിയോട്ട് പായിക്കണ്ടത്തിൽ ശ്രീ. ചെറിയാൻ ജോർജിന്റെയും അന്നമ്മയുടെയും രണ്ടാമത്തെ പുത്രനായി 1935 മെയ് 1-ന് ജനിച്ചു. ആലുവ യു. സി. കോളേജിൽ ബിരുദ പഠനം പൂർത്തിയാക്കിയ അദ്ദേഹം 1956 മെയ് മാസം 8-ാം തീയതി അങ്കമാലി നിരണം തുമ്പമൺ ഇടവകകളുടെ ഗീവർഗീസ് മോർ ഗ്രീഗോറിയോസ് (വയലിപറമ്പിൽ തിരുമേനി) യിൽനിന്നും കോറൂയോ പട്ടവും 1961-ൽ അമേരിക്കയിലെ ആർച്ച് ബിഷപ്പായിരുന്ന ശമുവേൽ മോർ അത്താനാസിയോസ് തിരുമേനിയിൽനിന്ന് അഞ്ചാം പട്ടവും അതേ വർഷം തന്നെ പിറമാടം ദയറായിൽവച്ച് പൗലോസ് മോർ ഫീലക്സിനോസിൽ (ശ്രേഷ്ഠ കാതോലിക്കാബാവാ) നിന്ന് പൂർണ്ണ ശെമ്മാശ പട്ടവും 1962 ഫെബ്രുവരി മാസം 22-ാം തീയതി പിറമാടം ദയറായിൽവച്ച് പൗലോസ് മോർ ഫീലക്സിനോസ് മെത്രാപ്പോലീത്തായിൽനിന്ന് കശ്ശീശാ പട്ടവും ഏറ്റു. ഒരു വൈദികനായിരുന്നപ്പോൾ അദ്ദേഹത്തിന്റെ പ്രധാന പ്രവർത്തനങ്ങൾ രോഗികളെ സന്ദർശിക്കുക, സാധുക്കളെ സാമ്പത്തികമായി സഹായിക്കുക, ഭവന സന്ദർശനം നടത്തുക, സമൂഹത്തിൽ താഴേക്കിടയിൽ നിൽക്കുന്നവർക്കുവേണ്ടി റോഡുകളും മറ്റും ഉണ്ടാക്കിക്കൊടുക്കുക എന്നിവയായിരുന്നു. അഭി. തിരുമേനി ജനങ്ങളെയെല്ലാം ഒരുപോലെ സ്നേഹിച്ച് വിനയാന്വിതനായി എല്ലാവരോടും പെരുമാറിയിരുന്നു. ഇടവക ഭരണത്തിൽ തന്നെയേൽപ്പിച്ച ജനത്തെ സത്യവിശ്വാസത്തിലും പുണ്യപ്പെട്ട പിതാക്കന്മാരുടെ വഴികളിലും നിലനിർത്തുന്നതിന് ശ്രദ്ധിച്ചിരുന്നു. ഇടവക ഭരണത്തിനു പുറമെ, തന്റെ നാടിന്റെ സാമൂഹ്യരംഗങ്ങളിൽ അദ്ദേഹം പ്രവർത്തിച്ചു. എല്ലാ വിഭാഗം ജനങ്ങളുടെയും സ്നേഹാദരങ്ങൾ പിടിച്ചുപറ്റുകയും ചെയ്തിരുന്നു.

സഭാന്തരീക്ഷം 70-കളിൽ വേദവിപരീതത്താലും, കേസുകളാലും കലുഷിതമായിരുന്ന സമയത്ത് കൊല്ലം നിരണം തുമ്പമൺ ഭദ്രാസനങ്ങളിലെ സത്യവിശ്വാസികളുടെ ഇടയനായി തിരഞ്ഞെടുക്കപ്പെട്ടു. 1974 ജൂലൈ മാസം 21-ാം തീയതി പരിശുദ്ധ മോറാൻ മോർ ഇഗ്നാത്തിയോസ് യാക്കോബ് ത്രിതീയൻ പാത്രിയർക്കീസ് ബാവായാൽ ദമാസ്കസിൽവച്ച് അദ്ദേഹം മെത്രാപ്പോലീത്തയായി വാഴിക്കപ്പെട്ടു. മെത്രാപ്പോലീത്തായായി മലങ്കരയിലെത്തിയ അഭിവന്ദ്യ തിരുമേനിയുടെ പ്രവർത്തനങ്ങൾക്ക് സമാന്തരമായി മറ്റൊന്നില്ലായിരുന്നു. വിപരീത സാഹചര്യങ്ങളിൽ പ്രലോഭനങ്ങളുടെയും ഭീഷണികളുടെയും മുമ്പിൽ തളരാതെ ഈ ഭദ്രാസനങ്ങൾക്കുവേണ്ടി തന്റെ ജീവിതം സമർപ്പിച്ചു. സത്യവിശ്വാസത്തിൽ അടിയുറച്ചു നിന്ന് പള്ളികളെ നിലനിർത്തുന്നതിനും പുതിയ പള്ളികൾ സ്ഥാപക്കുന്നതിനും പഴയ പള്ളികൾ പുതുക്കിപ്പണിയുന്നതിനും, ചിതറിക്കിടന്ന സത്യവിശ്വാസികളെ സംഘടിപ്പിക്കുന്നതിനും അഭിവന്ദ്യ തിരുമേനി വളരെയേറെ ശ്രദ്ധിച്ചു. നിരവധി വൈദികർക്ക് പട്ടം കൊടുത്തു ഇന്ന് ഭദ്രാസനത്തിന് ഉണ്ടായ വളർച്ച അഭിവന്ദ്യ തിരുമേനിയുടെ പ്രവർത്തനഫലമാണ്.

ആത്മീയ പ്രസ്ഥാനങ്ങൾ ഭംഗിയായും ചിട്ടയായും നടത്തുന്നതിൽ അഭിവന്ദ്യ തിരുമേനി വളരെയേറെ ശ്രദ്ധിച്ചിരുന്നു. സണ്ടേസ്കൂൾ, വനിതാസമാജം, യൂത്ത് അസ്സോസിയേഷൻ, പ്രാർത്ഥനായോഗങ്ങൾ തുടങ്ങിയവ ക്രമം തെറ്റാതെ തന്റെ ഇടവകകളിൽ നടത്തിയിരിക്കണമെന്ന് അഭിവന്ദ്യ തിരുമേനി നിഷ്കർഷിച്ചിരുന്നു. 1985-ൽ സഭയുടെ സണ്ടേസ്കൂൾ പ്രസ്ഥാനത്തിന്റെ പ്രസിഡന്റായി തിരുമേനി നിയമതിനായി. ഈ രംഗത്ത് വളരെ ദീർഘവീക്ഷണത്തോടെ അദ്ദേഹം പ്രവർത്തിച്ചു. സത്യവിശ്വാസത്തിൽ ഭാവി തലമുറയെ ഉറപ്പിക്കുന്നതിനും, സഭയെ നയിക്കുവാൻ സുവിശേഷകരും, പട്ടക്കാരും, മേൽപ്പട്ടക്കാരും ഉണ്ടാകുവാൻ സണ്ടേസ്കൂൾ പ്രസ്ഥാനം വഹിക്കുന്ന പങ്ക് തിരുമേനിക്ക് നന്നായി ബോധ്യമുണ്ടായിരുന്നു. കാലം ചെയ്യുന്നതുവരെ തിരുമേനി എം. ജെ. എസ്. എസ്. എ. യുടെ പ്രസിഡന്റായിരുന്നു. ഈ കാലഘട്ടത്തിൽ പാഠപുസ്തക നവീകരണം അസോസിയേഷൻ

*(ശേഷം പേജ് 5-ൽ)*

# വി. കുമ്പസാരം

ഒരു ക്രിസ്ത്യാനി മാമോദീസായ്ക്ക്ശേഷം പ്രവർത്തിച്ചതായി ഏറ്റു പറയുന്ന പാപങ്ങളെ മോചിപ്പിക്കുന്ന വി. കൂദാശയാകുന്നു വി. കുമ്പസാരം. മനുഷ്യവർഗ്ഗത്തിന്റെ രക്ഷയ്ക്കും വീണ്ടെടുപ്പിനും എന്നേയ്ക്കുമുള്ള നവീകരണത്തിനുമായി മനുഷ്യാവതാരം ചെയ്ത യേശുക്രിസ്തു തന്റെ പരസ്യശുശ്രൂഷയിൽ പാപങ്ങൾ മോചിക്കുന്നത് കാണുവാൻ സാധിക്കും.

ശരീരിക ബലഹീനതയെ നീക്കുക മാത്രമല്ല താൻ ആത്മാവിന്റെ വൈദ്യൻ കൂടിയാണ് എന്ന് മാനവകുലത്തെ ബോദ്ധ്യപ്പെടുത്തിയ ഒരു സന്ദർഭമാണ് പക്ഷവാതക്കാരനെ സൗഖ്യമാക്കിയ സമയത്തു നിന്റെ പാപങ്ങൾ നിന്നോടു ക്ഷമിക്കപ്പെട്ടിരിക്കുന്നു എന്നു കല്പിച്ചത്. (വി. മത്തായി 9:2).

കർത്താവ് തന്റെ സഭയെ സ്ഥാപിച്ചത് തന്റെ വേല തുടർന്നും നടത്തുന്നതിനുവേണ്ടി ആയതിനാൽ സഭയുടെ പ്രധാന ചുമതല പാപികളെ ദൈവത്തോട് നിരപ്പാക്കുക എന്നുള്ളതാണ്. ഫിലിപ്പിന്റെ കൈസറിയായിൽ വച്ച് ശ്ലീഹന്മാരുടെ തലവൻ ആയ വി. പത്രോസിന് വി. സഭയെ ഭരമേൽപ്പിക്കുമ്പോൾ പാപമോചന അധികാരം യേശു പത്രോസിനു നൽകുന്നു. നീ പത്രോസ് ആകുന്നു; ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും പാതാളഗോപുരങ്ങൾ അതിനെ ജയിക്കുകയില്ല എന്നു ഞാൻ നിന്നോടു പറയുന്നു. "സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ ഞാൻ നിനക്കു തരുന്നു; നീ ഭൂമിയിൽ കെട്ടുന്നത് ഒക്കെയും സ്വർഗ്ഗത്തിൽ കെട്ടപ്പെട്ടിരിക്കും; നീ ഭൂമിയിൽ അഴിക്കുന്നതൊക്കെയും സ്വർഗ്ഗത്തിൽ അഴിഞ്ഞിരിക്കും" എന്നു ഉത്തരം പറഞ്ഞു (വി. മത്തായി 16-18-20).

ഉയർത്തെഴുന്നേറ്റ യേശു തന്റെ ശ്ലീഹന്മാർക്ക് പ്രത്യക്ഷനാകുമ്പോൾ അവർക്ക് പാപമോചനാധികാരം നൽകി ഇങ്ങനെ പറഞ്ഞശേഷം അവൻ അവരുടെ മേൽ ഊതി അവരോട് പരിശുദ്ധാത്മാവിനെ കൈക്കൊൾവിൻ ആരുടെ പാപങ്ങൾ നിങ്ങൾ മോചിപ്പിക്കുന്നുവോ, അവർക്കു മോചിക്കപ്പെട്ടിരിയ്ക്കുന്നു; ആരുടെ പാപങ്ങൾ നിർത്തുന്നുവോ അവർക്കു നിർത്തിയിരിക്കുന്നു എന്നു പറഞ്ഞു. (വി. യോഹ. 20-22,23). നിരപ്പിന്റെ ശുശ്രൂഷ വി. സഭയെ ഭരമേൽപ്പിച്ചു.

അതിനൊക്കെയും ദൈവം തന്നേ കാരണഭൂതൻ; അവൻ നമ്മെ ക്രിസ്തുമൂലം തന്നോട് നിരപ്പിച്ചു, നിരപ്പിന്റെ ശുശ്രൂഷ ഞങ്ങൾക്കു തന്നിരിക്കുന്നു. (2 കൊരിന്ത്യ. 5-18).

ശ്ലീഹന്മാരുടെ നടപ്പുകളുടെ പുസ്തകം 19-ാം അദ്ധ്യായം 18 -ാം വാക്യം വിശ്വസിച്ചവരിൽ അനേകരും വന്നു തങ്ങളുടെ പ്രവർത്തികളെ ഏറ്റുപറഞ്ഞു അറിയിച്ചു.

ദമസ്ക്കോസിന്റെ പടിവാതിൽക്കൽ വച്ച് ക്രിസ്തു ദർശനത്താൽ അന്ധനായിത്തീർന്ന ശൗലിന് കാഴ്ച ലഭിപ്പാൻ അനന്യാസിനെ ദൈവം അയച്ചു. അങ്ങനെ അനന്യാസ് ആ വീട്ടിൽ ചെന്ന് അവന്റെമേൽ കൈവെച്ച്, ശൗലേ, സഹോദരാ, നീ കാഴ്ച പ്രാപിച്ച് പരിശുദ്ധാത്മപൂർണ്ണൻ ആകേണ്ടതിനു നീ വന്ന വഴിയിൽ നിനക്കു പ്രത്യക്ഷനായ യേശു എന്ന കർത്താവ് എന്നെ അയച്ചിരിക്കുന്നു എന്നു പറഞ്ഞു. (അപ്ര. 9:17).

വി. യാക്കോബ് 5 ന്റെ 14 മുതൽ നാം ഇങ്ങനെ വായിക്കുന്നു. നിങ്ങളിൽ ദീനമായി കിടക്കുന്നവർ സഭയിലെ മൂപ്പന്മാരെ വരുത്തട്ടെ, അവർ കർത്താവിന്റെ നാമത്തിൽ അവനെ എണ്ണ പൂശി അവനുവേണ്ടി പ്രാർത്ഥിക്കട്ടെ. എന്നാൽ വിശ്വാസത്തോടുകൂടിയ പ്രാർത്ഥന ദീനക്കാരനെ രക്ഷിക്കും; കർത്താവ് അവനെ എഴുന്നേൽപ്പിക്കും; അവൻ പാപം ചെയ്തിട്ടുണ്ടെങ്കിൽ അവനോട് ക്ഷമിക്കും. എന്നാൽ നിങ്ങൾക്കു രോഗശാന്തി വരേണ്ടതിനു തമ്മിൽ പാപങ്ങളെ ഏറ്റുപറഞ്ഞ് ഒരുവനുവേണ്ടി ഒരുവൻ പ്രാർത്ഥിപ്പിൻ. വി.ഗ്രന്ഥത്തിൽ ഈ ഭാഗത്ത് കശീശന്മാർ എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. മൂപ്പന്മാരുടെ കൈവെപ്പോടുകൂടി പ്രവചനത്താൽ നിനക്കു ലഭിച്ചതായി നിന്നിലുള്ള കൃപാവരം ഉപേക്ഷയായി വിചാരിക്കാതെ നിന്റെ അഭിവൃദ്ധി എല്ലാവർക്കും പ്രസിദ്ധമായിത്തീരേണ്ടതിനു ഇത് കരുതുക. ഇതിൽത്തന്നെ ഇരുന്നുകൊള്ളുക (1 തിമോ. 4-14).

പാപമോചനാധികാരം പുരോഹിതന്മാർക്ക് ലഭ്യമായിരിക്കുന്നുവെന്നു വേദഗ്രന്ഥങ്ങളിൽനിന്നു സ്പഷ്ടമാണ്. യാതൊരു വിവേചനവും കൂടാതെ ഏവർക്കും പാപമോചനം നൽകാൻ കർത്താവ് അധികാരം നൽകിയിട്ടില്ല. അനുതപിക്കുന്നവർക്ക് പാപമോചനം നൽകുകയാണ് വൈദീകന്റെ കടമ. ഈ കൂദാശ ഇന്ന് വെറും ഒരു ചടങ്ങാക്കി നാം തീർത്തിരിക്കുകയാണ്. അനേകർ സമാധാനം അന്വേഷിച്ച് കൗൺസിലിംഗിന് തുനിയുമ്പോൾ, ആത്മശരീരം മനസ്സുകളുടെ സൗഖ്യത്തിനായി കർത്താവ്സ്ഥാപിച്ച് വി.ശ്ലീഹന്മാർ വഴി ശ്ലൈഹീക കൈവെപ്പിനാൽ നിലനിർത്തപ്പെട്ടുപോരുന്ന പൗരോഹിത്യനൽവരത്താൽ നൽകപ്പെട്ടുവരുന്ന വി. കൂദാശയുടെ ശ്രേഷ്ഠത നാം മനസ്സിലാക്കി പ്രവർത്തിക്കണം. കാരണം അനുതപിക്കുന്ന പാപിക്കു മാത്രമാണ് സ്വർഗ്ഗം. മരണം സുനിശ്ചിതവും സമയം മനുഷ്യന്റെ അറിവിനു അപ്രാപ്യവുമാകയാൽ പാപബോധം വരുമ്പോൾ വി. കുമ്പസാരം നിർവ്വഹിക്കണം.

ഈ കൂദാശ കൂടാതെ ദൈവത്തിൽ നിന്നും നേരിട്ടു ഞാൻ പാപമോചനം പ്രാപിച്ചുകൊള്ളാം എന്നു പറയുന്നവർ ഒരു കാര്യം വിസ്മരിക്കുന്നു. കർത്താവ് ലോകത്തിലായിരുന്നപ്പോൾ, തന്റെ അടുക്കൽ പോകാതെ തന്നെ ധിക്കരിച്ചുകൊണ്ട് ഞാൻ യഹോവയിൽ നിന്നു മോചനം പ്രാപിച്ചുകൊള്ളാം എന്ന് ഒരു സത്യ അനുതാപി പറകയില്ലായിരുന്നു. ദൈവത്താൽ നിശ്ചയിക്കപ്പെട്ട മാർഗ്ഗമാകുന്ന മിശിഹായുടെ സന്നിധിയിൽ അവൻ വരുമായിരുന്നു.

ഞാൻ പാപം ചെയ്തുപോയി എന്ന് ഏറ്റുപറഞ്ഞ ചിലരെ വി. വേദത്തിൽ കാണാം.

**കുമ്പസാരം; ദൃശ്യഭാഗം, അദൃശ്യഫലങ്ങൾ**

ദൃശ്യഭാഗം: - 1. അനുതാപി ആത്മിക പിതാവിന്റെ മുമ്പിൽ തന്റെ പാപങ്ങൾ വായ്കൊണ്ട് ഏറ്റുപറയുന്നത്.

2. ആത്മിക പിതാവ്, അവനു നൽകുന്ന പാപമോചനം (കുമ്പസാരക്രമം).

അദൃശ്യഫലങ്ങൾ:-

1. ഏറ്റുപറച്ചിൽ മൂലം ഉടനെ പ്രാപിക്കുന്ന മോചനം. യോഹ. 20:23, 20:31 ലൂക്കോ. 18:14.
2. ദൈവത്തോടുള്ള നിരപ്പ് (റോ. 5:1-2, 2 കോ. 5:19)
3. പാപത്തിന്റെ നിത്യശിക്ഷയിൽ നിന്നുള്ള സ്വാതന്ത്ര്യവും നിത്യജീവനിലേക്കുള്ള പ്രത്യാശയും ലൂ. 19:7-9, 23:42-43. മാർ ഈവാനിയോസു പറയുന്നു. ഈ കൂദാശയിൽ ദൈവിക കൃപയുടെ അദൃശ്യപ്രവർത്തനത്തിൽ ശക്തിയും, അതിന്റെ അധികാരവും എല്ലാ മനുഷ്യരുടെയും പാപങ്ങൾക്ക് മോചനം കൊടുക്കത്തക്കവണ്ണമുള്ളവയത്രെ. അതിന് അതിരില്ല, യഥാർത്ഥ അനുതാപവും, ഏറ്റുപറച്ചിലും, വിശ്വാസവും, പ്രത്യാശയും മുന്നിട്ടുനിൽക്കുന്നുവെങ്കിൽ മോചിക്കപ്പെടാത്ത യാതൊരു പാപവും ഈ ലോകത്തിലില്ല. പാപക്ഷമയെക്കുറിച്ച് പരാമർശിക്കുന്ന പല ഭാഗങ്ങളും വി. വേദപുസ്തകത്തിൽ കാണാം. 2 പ. 3:9, 1 യോ. 2:1-2. 1:9. അ.പ്ര. 2:37-38. 8:22.

എല്ലാ പാപങ്ങൾക്കും മോചനമില്ല. വിഗ്രഹാരാധന - കൊലപാതകം, വേശ്യാദോഷം ആദിയായവക്ക് - എന്ന് പഠിപ്പിച്ചിരുന്ന മൊന്താനോസിനെയും അനുയായികളേയും 2-ാം നൂറ്റാണ്ടിൽ സഭ പുറത്താക്കി. 3-ാം നൂറ്റാണ്ടിൽ, പീഡയുടെ സമയത്ത് വിശ്വാസമുപേക്ഷിക്കുന്നവർക്കും മരണകരപാപം ചെയ്യുന്നവർക്കും മോചനമില്ല എന്നു പഠിപ്പിച്ച നോവേഷ്യനേയും കൂട്ടരേയും സഭ ഭ്രഷ്ട്രാക്കിത്തള്ളിക്കളഞ്ഞു.

**പ്രായശ്ചിത്ത നിർവ്വഹണം**

അനുതാപിക്കു പ്രായശ്ചിത്തം പാപത്തിന്റെ ഘനവും സ്വഭാവവും അനുസരിച്ച് നിശ്ചയിക്കപ്പെടുന്നു. വി. പൗലൂസ് 1 കോ. 5:1, 5, 2 കോരിന്തി 2:6,8 എന്നീ ഭാഗങ്ങളിൽ പറയുന്നതു ശ്രദ്ധേയമാണ്.

അനുതാപികളുടെമേൽ ശിക്ഷ കല്പിക്കുന്നതിനുള്ള അധികാരം വി. സഭക്ക് ഏല്പിക്കപ്പെട്ടിരിക്കുന്നതായി, വി. ഈവാനിയോസ്, തെർത്തുല്യൻ, വി. സിപ്രിസൻ എന്നിവർ പ്രസ്താവിക്കുന്നുണ്ട്. ഈ ശിക്ഷ ദൈവത്തിന്റെ നീതി പകരം വീട്ടുന്ന ശിക്ഷകളല്ല. പ്രത്യുത അനുതാപിയെ നേർവഴിക്കാക്കുന്നതാണ്. പൈതൃകമായ ശിക്ഷയാണ് (എബ്രാ. 12:6-8, 1 കോ. 11:32) ഈ ശിക്ഷ മൂലം 1) പാപിയുടെ അഹങ്കാരത്തെ താഴ്ത്തുകയും, തന്റെ കുറ്റത്തെക്കുറിച്ചു ബോധവാനാക്കുകയും, പാപത്തെക്കുറിച്ച് വെറുപ്പും നന്നാകുന്നതിനുള്ള ആഗ്രഹവും ഉണ്ടാക്കുകയും ചെയ്യുന്നു.

2) ഈ നിയമങ്ങൾ ഓരോരോ പാപങ്ങൾക്കും വികാരങ്ങൾക്കും എതിരായി നിശ്ചയിക്കപ്പെടുന്നു. ആ പാപങ്ങൾ പാപിയിൽ നിന്നും ഉന്മൂലം ചെയ്യുവാൻ അവ സഹായിക്കുന്നു. ഉദാ: ഭക്ഷണ പ്രിയം X നോമ്പ്, ദ്രവ്യാഗ്രഹം X കാരുണ്യപ്രവർത്തനങ്ങൾ, ജഡമോഹം X വി. കുർബാനയിലുള്ള സംബന്ധം, പ്രാർത്ഥനവേദവായന. പാപി ഈ നിയമങ്ങൾക്കു നല്ല മനഃസാക്ഷിയോടെ കീഴ്പെടുമ്പോൾ പഴയ രോഗത്തെ അവനിൽ നിന്ന് ഉന്മൂലനം ചെയ്യാൻ അവൻ ശ്രമിച്ചുകൊണ്ടിരിക്കും. 3) ഈ നിയമങ്ങൾ അനുതാപിയെ നന്നാക്കുന്നതിനും പുറമെ - പാപത്തിൽ വീഴാതിരിപ്പാൻ മറ്റുള്ളവർക്കു പ്രചോദനം നൽകുകയും ചെയ്യുന്നു.

**സ്വയപരിശോധനക്കു സഹായകമായവ**

"പത്തു കല്പനകൾ, സഭയുടെ കല്പനകൾ, കൂദാശകൾ, 14 മനോ ഗുണ പ്രവർത്തികൾ (പിന്നാലെ ചേർക്കുന്നു) വിശ്വാസം, പ്രത്യാശ, സ്നേഹം എന്നീ ദൈവിക പുണ്യങ്ങൾ ഇവയെക്കുറിച്ച് ചിന്തിച്ച് അവയോടുള്ള ബന്ധത്തിൽ വന്നുപോയ തെറ്റുകൾ കണ്ടുപിടിക്കുന്നതിനും മരണകരങ്ങളായ പാപങ്ങൾ, വി. പുതിയ നിയമത്തിൽ വിവരിച്ചിട്ടുള്ള പാപങ്ങൾ (ഗലാ. 5:19-21, എഫേ. 5:4, 1 കോരി. 6:9,10) തുടർന്ന് ദൈവത്തിനു വിരോധമായും മറ്റുള്ളവർക്കു വിരോധമായും ചെയ്ത പാപങ്ങൾ കണ്ടുപിടിക്കുന്നതും ആവശ്യമത്രെ."

ഏറ്റുപറച്ചിലിനുശേഷം 1) തന്റെ പാപങ്ങൾ കൃപയോടെ ക്ഷമിച്ചതിന് ദൈവത്തോടു നന്ദി പറയണം. 2) പട്ടക്കാരൻ നിശ്ചയിക്കുന്ന പ്രായശ്ചിത്തം ചെയ്യണം. 3) ദുർമ്മാർഗ്ഗം വിട്ടു സന്മാർഗ്ഗത്തിലേക്കു തിരിയണം. 4) അനുതാപവും പുണ്യവും പരിശീലിക്കണം. ഈ വലിയ നോമ്പിൽ സത്യ കുമ്പസാരത്തിനു വിധേയപ്പെട്ട് വിശുദ്ധ ജീവിതം നയിക്കുക.

# പുണ്യശ്ലോകനായ കുര്യാക്കോസ് ...

*( പേജ് 4-ൽ നിന്നും തുടർച്ച)*

കേന്ദ്രങ്ങളിലെ കെട്ടിടങ്ങളുടെ നിർമ്മാണം തുടങ്ങിയ കാര്യങ്ങൾക്ക് തിരുമേനി നേതൃത്വം നൽകി.

ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തുന്നതിനു തിരുമേനി പ്രത്യേക ഊന്നൽ നൽകിയിരുന്നു. ദുരിതാശ്വാസങ്ങൾ എത്തിക്കേണ്ട സ്ഥലത്ത് എത്തിച്ചുകൊടുക്കുവാൻ തിരുമേനി ശ്രദ്ധിച്ചിരുന്നു. അർഹതപ്പെട്ടവർക്ക് വേണ്ടി ഭവനങ്ങൾ നിർമ്മിച്ചുകൊടുക്കുവാനും തൊഴിൽരഹിതർക്ക് തൊഴിൽ ചെയ്യുന്നതിനുള്ള സാഹചര്യം സൃഷ്ടികൊടുക്കുവാനും സമർത്ഥരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകി അവരെ സഹായിക്കുന്നതിനും രോഗികളായവരെ സന്ദർശിച്ച് അവർക്കാവശ്യമായ സഹായം നൽകുന്നതിനും അഭിവന്ദ്യ തിരുമേനി പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

1995 മാർച്ച് മാസം 20, 21 തീയതികളിൽ നടത്തപ്പെട്ട വലിയ നോമ്പിലെ വൈദിക ധ്യാനയോഗത്തിൽ തന്റെ വാത്സല്യവൈദീകരുടെ സാന്നിദ്ധ്യത്തിൽ തിരുമേനി അത്യധികം സന്തോഷിച്ചിരുന്നു. വൈദിക യോഗത്തിനു ശേഷം 1.30-ന് തിരികെ മേപ്രാൽ അരമനയിലേക്ക് പോകുവാൻ ഒരുങ്ങുമ്പോൾ തിരുമനസ്സിന് അസ്വസ്ഥ അനുഭവപ്പെട്ടു. അടൂർ ഹോളി ക്രോസ് ആശുപത്രിയിൽ പ്രവേശിക്കപ്പെട്ട അഭിവന്ദ്യ പിതാവ് വിശുദ്ധ സഭയാൽ കൽപ്പിക്കപ്പെട്ടിരിക്കുന്ന കൂദാശകളെല്ലാം അനുഭവിച്ച് വൈകിട്ട് 4.45-ന് ഇഹലോക വാസം വെടിഞ്ഞു. ആ നല്ല ഇടയൻ വിശുദ്ധ പിതാക്കന്മാരുടെ ഗണത്തിൽ ചേർക്കപ്പെട്ടു. 22-ാം തീയതി മിഖായേൽ മോർ ദിവന്നാസ്യോസ് ദയറായിൽ ഉള്ള ചാപ്പലിൽ കബറടക്കപ്പെട്ടു. പ്രത്യാശയുടെ തുറമുഖത്ത് കർത്താവിന്റെ രണ്ടാമത്തെ വരവിങ്കൽ നമുക്ക് തിരുമേനിയെ മുഖാമുഖം കാണാം. പരിശുദ്ധ യാക്കോബായ സുറിയാനി സഭയ്ക്കുവേണ്ടിയും കൊല്ലം നിരണം തുമ്പമൺ ഭദ്രാസനത്തിനുവേണ്ടിയും ദൈവസന്നിധിയിൽ അഭിവന്ദ്യ തിരുമേനി മദ്ധ്യസ്ഥ നടത്തുമെന്ന് വിശ്വസിക്കാം. അഭിവന്ദ്യ തിരുമേനിയുടെ മദ്ധ്യസ്ഥയിൽ അഭയപ്പെട്ടു കൊണ്ട് വാക്കുകൾ ചുരുക്കുന്നു.

# ക്രൂശിലെ മരണവും മൂന്നാംനാളിലെ ഉയർപ്പും

**ആബൂൻ**

മോശ മരുഭൂമിയിൽ പിച്ചള സർപ്പത്തെ ഉയർത്തിയതു പോലെ മനുഷ്യപുത്രനെയും ഉയർത്തേണ്ടതാകുന്നു. (യോഹ. 3:14) ഇസ്രായേൽ മക്കൾ മരുഭൂ പ്രയാണ കാലത്ത് യഹോവയ്ക്കും മോശക്കും വിരോധമായി സംസാരിച്ചതിന്റെ ശിക്ഷയായി അഗ്നിസർപ്പങ്ങൾ അവരുടെ ഇടയിലേക്ക് അയയ്ക്കപ്പെട്ടു. അവയുടെ കടിയേറ്റ് അനേകർ മരിക്കുകയും ചെയ്തു. ജനം അനുതപിച്ചപ്പോൾ അവരുടെ രക്ഷയ്ക്കായി മോശ ദൈവകല്പനപ്രകാരം ഒരു പിച്ചള സർപ്പത്തെ ഉയർത്തി. സർപ്പദംശനമേറ്റവർ പിച്ചള സർപ്പത്തെ നോക്കി രക്ഷപ്രാപിച്ചു. (സംഖ്യ 21:5,9) പാമ്പിന്റെ രൂപത്തിൽ വന്ന സാത്താന്റെ വശീകരണ വാക്കുകളാൽ ആദ്യമാതാപിതാക്കൾ പാപത്തിൽ വീണ് ആത്മമരണവും എല്ലാ ദോഷങ്ങളും പ്രാപിച്ചു. സന്തതി പരമ്പരകളിലൂടെ പാപം പെരുകിയിരിക്കുന്നു. മാനവജാതിയുടെ രക്ഷയ്ക്കും, വീണ്ടെടുപ്പിനും, അഗ്നി സർപ്പത്തെ ഉയർത്തിയതു പോലെ തന്നെ ഉയർത്തണം എന്നാണ് യേശു കൽപിച്ചത്. ഞാനോ ഭൂമിയിൽ നിന്ന് ഉയർത്തപ്പെട്ടു. വി. യോഹന്നാൻ 12 ന്റെ (8:32) ആകയാൽ യേശു നിങ്ങൾ മനുഷ്യപുത്രനെ ഉയർത്തിയശേഷം ഞാൻ തന്നെ അവൻ (വരുവാനുള്ള മിശിഹാ) എന്നും ഞാൻ സമയമായിട്ടും ഒന്നും ചെയ്യാതെ പിതാവ് എനിക്ക് ഉപദേശിച്ചുതന്നതു പോലെ ഇതു സംസാരിക്കുന്നു എന്നും അറിയും. (വി.യോഹ. 8:28) പാപ ബന്ധനങ്ങളിൽ നിന്നും നിത്യമരണത്തിൽ നിന്നും നമുക്ക് വിടുതൽ ലഭിക്കുന്നത് ക്രൂശിൽ ഉയർത്തപ്പെട്ട ക്രിസ്തുവിൽ നിന്നാണ്.

മരണശിക്ഷയ്ക്ക് വിധിക്കപ്പെട്ടവരെ കുരിശിൽ തറച്ചു കൊല്ലുന്ന കിരാത നടപടി റോമാ സാമ്രാജ്യത്തിൽ വ്യാപകമായിരുന്നു. കൈകളിൽ തറച്ചു ആണികളിൽ ശരീരഭാരം താഴേക്കു വലിയുമ്പോൾ ശ്വാസകോശങ്ങളും വലിഞ്ഞുനിൽക്കുന്നതിനാൽ ശ്വാസം നിലയ്ക്കും. അല്പം ശ്വാസത്തിനായി കാൽപാദങ്ങളിലെ ആണികളിൽ ബലം കൊടുത്ത് ശരീരം മേൽപോട്ടുയുർത്തുവാൻ ശ്രമിക്കും. ശ്വാസം എടുക്കുവാനും പുറംതള്ളുവാനും ശ്വാസകോശം അൽപമെങ്കിലും ചലിപ്പിക്കണമല്ലോ സഹിക്കവയ്യാത്ത വേദനയിൽ ശരീരം പിന്നെയും താഴേക്കു പോരും. കാലിന്റെ എല്ലുകളൊടിച്ചാൽ ആണിയിൽ ബലം കൊടുക്കാതെ ശരീരം ചലിപ്പിക്കാതെ മരണം വേഗത്തിലെത്തും. (യോഹ. 19-31) കാല് ഒടിക്കാതിരുന്നാൽ രണ്ടും മൂന്നും ദിവസങ്ങൾ വരെ ഈ അതിവേദനയുടെ പുളച്ചിൽ തുടർന്നെന്നും വരാം.

യേശു ക്രൂശിനെ ജയിച്ചു. ഏറ്റവും വലിയ ശിക്ഷയുടെയും അപമാനത്തിന്റെയും അടയാളം ആയിരുന്ന ക്രൂശിനെ രക്ഷയുടെയും ജയത്തിന്റെയും ചിഹ്നം ആക്കി മാറ്റി പൈശാചികമായ വിദ്വേഷത്തിന്മേൽ പാവന സ്നേഹം വിജയം നേടി. കൊല്ലപ്പെട്ടവൻ നിത്യജീവനിലേക്കും കൊന്നവർ നിത്യനരകത്തിലേക്കും നിരന്തരയാതനകളിലേക്കും നിപതിച്ചു.

യേശുക്രിസ്തുവിന്റെ തിരുജനനത്തിനു ആയിരത്തിലധിക വർഷം മുമ്പ് ജീവിച്ചിരുന്ന രാജാവും പ്രവാചകനും യഹോവയുടെ മധുരഗായകനുമായിരുന്ന ദാവീദ് 16-ാം സങ്കീർത്തനം 10-ാം വാക്യത്തിൽ ഇങ്ങനെ പാടി. നീ എന്റെ പ്രാണനെ പാതാളത്തിൽ വിടുകയില്ല. നിന്റെ പരിശുദ്ധനെ ദ്രവത്വം കാണുവാൻ സമ്മതിക്കയുമില്ല. യേശുവിന്റെ സമകാലീനനു ലഭിക്കുന്ന വ്യക്തമായ അറിയിപ്പ് തന്റെ ക്രൂശുമരണത്തെപ്പറ്റി ദൈവം ദാവീദിനു വെളിപ്പെടുത്തി 22-ാം സങ്കീർത്തനം വായിക്കുമ്പോൾ നമുക്ക് ഇത് മനസിലാക്കാം.

മരണാനന്തര ജീവിതത്തെ കുറിച്ച് വ്യക്തമായ അറിവുണ്ടായിരുന്ന പഴയ നിയമ പിതാക്കന്മാരിൽ മുമ്പൻ ഇയ്യോബാണ്. ഇയ്യോബിന്റെ പ്രത്യാശ "എന്നെ വീണ്ടെടുക്കുന്നവൻ ജീവിച്ചിരിക്കുന്നു എന്നും അവൻ ഒടുവിൽ പൊടിമേൽ നിൽക്കുമെന്നും ഞാൻ അറിയുന്നു." (ഇയ്യോബ് 19-25) തുടർന്ന്, Ìഎന്റെ ത്വക്ക് ഇങ്ങനെ നശിച്ച ശേഷം ഞാൻ ദേഹരഹിതനായി ദൈവത്തെ കാണുംÌ എന്നും എഴുതിയിരിക്കുന്നു.

കർത്താവിന്റെ ക്രൂശുമരണം ഏഴു നൂറ്റാണ്ടുകൾക്കപ്പുറം ജീവിച്ചിരുന്ന യെശയ്യാ പ്രവാചകനും ക്രിസ്തുവിനു വരേണ്ടിയിരുന്ന കഷ്ടതകളെ വിവരിച്ചെഴുതാനും ദൈവം ഇടയാക്കി. യെശയ്യാവ് 53-ാം അദ്ധ്യായം വായിക്കുമ്പോൾ ഇത് ബോദ്ധ്യമാകും. അനേകം പ്രവാചകന്മാർ തന്റെ കഷ്ടാനുഭവത്തെപ്പറ്റി പ്രവചിച്ചതാണ്. മരിച്ചവരുടെ ഇടയിൽ നിന്നുള്ള ക്രിസ്തുവിന്റെ പുനരുത്ഥാനത്തിനും അവിടുത്തെ രണ്ടാമത്തെ വരവിനും മദ്ധ്യേയുള്ള കൃപായുഗത്തിൽ ജീവിക്കുന്ന നമുക്ക് അവനെ എതിരേൽക്കാൻ ഒരുങ്ങാം.

ലോകത്തിൽ മതനേതാക്കന്മാർ എല്ലാവരും മരണത്തോടെ അവസാനിച്ചവരാണ്. എന്നാൽ യേശു മരണത്തെ ജയിച്ചു. ഉയർത്തെഴുന്നേറ്റു. ഇതുകൊണ്ടാണ് വി. പൗലോസ് ശ്ലീഹ കൊരിന്ത്യർക്ക് എഴുതിയ 1-ാം ലേഖനം 15 ന്റെ 17-ൽ Ìക്രിസ്തു ഉയർത്തിട്ടില്ല എങ്കിൽ നിങ്ങളുടെ വിശ്വാസം വ്യർത്ഥമത്രെÌ എന്ന് പറയുന്നത്. തന്റെ ശ്ലീഹന്മാർക്ക് അനേകം തവണ പ്രത്യക്ഷനായി താൻ ജീവിച്ചിരിക്കുന്നു എന്ന് അവരെ ബോധ്യപ്പെടുത്തി അവരെ ധൈര്യശാലികളാക്കി, അവർ ഇപ്രകാരം പ്രസംഗിച്ചു. Ìയേശുവിനെ ദൈവം ഉയർപ്പിച്ചിരിക്കുന്നു. അതിനു ഞങ്ങളെല്ലാവരും സാക്ഷികൾ ആകുന്നു. ഈ സാക്ഷ്യം സുവിശേഷത്തിന്റെ കാതലും സഭയുടെ അടിത്തറയുമാണ്.Ì

വി. പൗലോസ് ശ്ലീഹ തന്റെ ലേഖനത്തിൽ ഇപ്രകാരം എഴുതി. Ìയേശുവിനെ മരിച്ചവരിൽ നിന്നും ഉയർപ്പിച്ചവന്റെ ആത്മാവു നിങ്ങളിൽ വസിക്കുന്നു എങ്കിൽ ക്രിസ്തുയേശുവിനെ മരണത്തിൽ നിന്നു ഉയർപ്പിക്കുവാൻ നിങ്ങളിൽ വസിക്കുന്ന തന്റെ ആത്മാവിനെക്കൊണ്ടു നിങ്ങളുടെ മൃത ശരീരങ്ങളെയും ജീവിപ്പിക്കും.Ì

പുനരുത്ഥാനത്താൽ യേശു ദൈവപുത്രൻ എന്നു ശക്തിയോടെ നിർണ്ണയിക്കപ്പെട്ടു (റോമർ 1:5) Ìതന്നിൽ വിശ്വസിക്കുന്നവർക്കു വേണ്ടി മദ്ധ്യസ്ഥത ചെയ്യുന്ന എന്നേക്കുമുള്ള മഹാപുരോഹിതനായി പിതൃസന്നിധിയിലേക്ക് പ്രവേശിക്കുന്നുÌ (എബ്രാ 7:15-25) Ìലോകത്തെ ന്യായം വിധിപ്പാൻ ആയി അവൻ വീണ്ടുംവരുമെന്ന് ഉറപ്പിച്ചു.Ì (അപ്ര. 17:31) Ìഉയർപ്പുപെരുന്നാൾ സഭയുടെ ഏറ്റവും വലിയ പെരുന്നാൾ ആണ്. കാരണം മരണത്തെയും പിശാചിനെയും പരാജയപ്പെടുത്തി നമ്മുടെ നാഥൻ ഉയർത്തെഴുന്നേറ്റു. കാൽവരിയിൽ വെളിപ്പെട്ട ദൈവസ്നേഹത്തിന്റെ സാക്ഷികൾ ആകുമെങ്കിൽ ഉയർപ്പിൽ നാം ആത്മീയ സന്തോഷം അനുഭവിക്കും. മദ്യത്തിനും, മയക്കുമരുന്നിനുമായി ജീവിച്ച് യേശുവിനെ തള്ളിപറയാനും ക്രൂശിക്കുവാനും നമുക്ക് സാധിക്കില്ല.

# വചനിപ്പ് പെരുന്നാൾ

സഭാ കലണ്ടറിൽ ഏറ്റവും പ്രാധാന്യമുള്ള ഒരു ദിനമാണ് മാർച്ച് 25. ദൈവത്തിന്റെ രക്ഷാകര പദ്ധതിക്ക് വിശുദ്ധ ദൈവമാതാവ് തന്നെത്തന്നെ സമർപ്പിച്ച ശ്രേഷ്ഠമേറിയ ദിനത്തിന്റെ ഓർമ്മയാണ് വചനിപ്പ് പെരുന്നാൾ. ദൈവത്തിന്റെ പ്രധാന ദൂതനായ ഗബ്രിയേലിൽനിന്ന് Ìദൈവപുത്രൻ നിന്നിൽനിന്ന് ജഡമെടുക്കുവാൻ തിരുമനസ്സായിÌÌ എന്നുള്ള മംഗള വാർത്ത അറിയിച്ചപ്പോൾ വിശുദ്ധ മറിയം Ìഇതാ ഞാൻ കർത്താവിന്റെ ദാസി. അവിടുത്തെ ഹിതം പോലെ എനിക്കു ഭവിക്കട്ടെയെന്നÌ ദൈവഇഷ്ടത്തിന് തന്നെത്തന്നെ വിനയപ്പെടുത്തിക്കൊടുത്ത ശ്രേഷ്ഠ ദിനമാണ് വചനിപ്പ്.

വിശുദ്ധ ലൂക്കോസിന്റെ സുവിശേഷം 1-ാം അധ്യായം 26 മുതൽ വായിക്കുമ്പോൾ ഇതു കാണാം. തുടർന്നുള്ള ഭാഗത്ത് മറിയാം പരിശുദ്ധാത്മാവ് നിറഞ്ഞവളായി പ്രവചിക്കുന്നു. ഈ ഭാഗം വേദശാസ്ത്രജ്ഞന്മാർ Ìമറിയാമിന്റെ പാട്ട്Ì എന്ന് നാമകരണം ചെയ്തു. Ìവിമോചനത്തിന്റെ വേദശാസ്ത്രംÌ എന്നും ഈ ഭാഗം അറിയപ്പെടുന്നു. സുറിയാനിസഭയുടെ ക്രമീകരണമനുസരിച്ച് ദുഃഖവെള്ളിയാഴ്ച വചനിപ്പ് പെരുന്നാൾ വന്നാലും വിശുദ്ധ കുർബ്ബാന ചൊല്ലി പെരുന്നാൾ ക്രമത്തിനുശേഷം മാത്രമേ ദുഃഖവെള്ളിയാഴ്ചയുടെ ക്രമം നടത്തുവാൻ അനുവദിച്ചിട്ടുള്ളു. ഇതിൽനിന്ന് വചനിപ്പ് പെരുന്നാളിന്റെ പ്രാധാന്യം വ്യക്തമാണ്.

വചനിപ്പ് പെരുന്നാൾ ആചരിക്കുമ്പോൾ നാം മനസ്സിലാക്കേണ്ട ഏറ്റവും വലിയ സന്ദേശം ലോകരിൽ ഏറ്റവും താഴ്ന്ന മറിയാം പ്രാപിച്ച ഔന്നത്യമാണ് ജീവിതത്തിൽ ദൈവത്തിന്റെ സന്നിധിയിലും മനുഷ്യർക്കിടയിലും മാതാവ് കാട്ടിത്തന്ന വിനയം താഴ്മ ഇവ ജീവിതത്തിൽ പ്രവർത്തിപഥത്തിൽ എത്തിക്കുവാൻ നാം ശ്രമിക്കണം. ദൈവത്തിന് എന്നും അപ്രീയമായ അഹങ്കാരവും ഉന്നതഭാവവും നമ്മിൽനിന്ന് പൂർണ്ണമായി നീക്കുവാൻ വചനിപ്പ് പെരുന്നാൾ മുഖാന്തരമായി തീരട്ടെ. ഇന്ന് കുടുംബങ്ങളിലും സമൂഹത്തിലും ഉണ്ടാകുന്ന എല്ലാ അസമാധാനത്തിനും മൂലകാരണം സ്വാർത്ഥതയും അഹങ്കാരവുമാണ്. യെഹസ്ക്കേൽ പ്രവചനം 28-ാം അദ്ധ്യായം വായിക്കുമ്പോൾ ദൈവത്തെ ആരാധിക്കുവാനായി സൃഷ്ടിക്കപ്പെട്ട മാലാഖമാരുടെ അഹങ്കാരം നിമിത്തം അവർ ആയിരുന്ന ഉന്നത സ്ഥാനത്ത്നിന്നും നിപതിച്ച് സാത്താനായി രൂപാന്തരപ്പെട്ടത് നമുക്ക് മനസ്സിലാകും. ഏദന്റെ പറുദീസായിൽ ദൈവകല്പനയെ അവിശ്വസിച്ച് വിലക്കപ്പെട്ട കനി തിന്ന് അനുസരണക്കേടിന്റെ ശിക്ഷപ്രാപിച്ചു. ആദ്യ മാതാപിതാക്കളായ ആദവും ഹൗവ്വയും ചെയ്തതും അഹങ്കാരവും ദൈവത്തെപ്പോലെ ആകുവാനുള്ള ആഗ്രഹവുമാണ്. മറിയാം രണ്ടാം ഹൗവ്വായായി അനുസരണവും വിനയവും ലോകത്തിന് കാട്ടിത്തന്നു. മാനവകുലത്തിന്റെ എന്നേക്കുമുള്ള രക്ഷയ്ക്കും വീണ്ടെടുപ്പിനും കാരണമായിത്തീർന്ന മനുഷ്യാവതാരത്തിന് തന്നെത്തന്നെ മറിയാം ദൈവത്തിന് വിധേയപ്പെടുത്തി.

വചനിപ്പ് പെരുന്നാളിൽ നാമോർക്കപ്പെടുന്നത് വിശുദ്ധ യോഹന്നാന്റെ സുവിശേഷം ഒന്നാം അദ്ധ്യായം ഒന്നാം വാക്യത്തിൽ വായിക്കുന്ന Ìആദിയിൽ വചനമുണ്ടായിരുന്നു. വചനം ദൈവത്തോടുകൂടെയായിരുന്നു.Ì വചനം ദൈവമായിരുന്നു. ദൈവമായ വചനം ജഢധാരണം ചെയ്ത ശ്രേഷ്ഠ ദിനമാണ് വചനിപ്പ്.

**രചനകൾ/പരസ്യങ്ങൾ ക്ഷണിച്ചുകൊള്ളുന്നു**

ഇടവകയുമായി ബന്ധപ്പെട്ട ചരമം, വിവാഹം, പ്രാർത്ഥനായോഗങ്ങൾ, സണ്ടേസ്കൂൾ, ഭക്തസംഘടനകൾ തുടങ്ങിയവയുടെ വാർത്തകൾ എത്തിച്ച് തരുവാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കുക. തികച്ചും സൗജന്യമായി നൽകുന്ന ഈ പത്രത്തിന്റെ പ്രവർത്തനങ്ങളെ ഇടവകയിലെ എല്ലാവരുടെയും സഹായങ്ങളും പ്രോത്സാഹനങ്ങളും നൽകി വിജയിപ്പിക്കണമെന്ന് അപേക്ഷിക്കുന്നു. സെക്രട്ടറി അനൂപ് പീടിയേക്കൻ 9633140100, എഡിറ്റർ സുരേഷ് ജോൺ കൈപ്പള്ളിൽ 9446073942

# കത്തോലിക്കാ – ഓറിയന്റൽ ഓർത്തഡോക്സ് സഭകളുടെ അന്തർദേശീയ ഡയലോഗ് ലബനോനിൽ നടന്നു

കത്തോലിക്കാ സഭയും-ഓറിയന്റൽ ഓർത്തഡോക്സ് സഭകളും തമ്മിലുള്ള സംവാദത്തിനായുള്ള അന്തർദേശീയ ഡയലോഗ് കമ്മീഷന്റെ ഏഴാമത് സമ്മേളനം 2010 ജനുവരി 27 മുതൽ 31 വരെ ലബനോനിലെ ബൈറൂട്ടിൽവെച്ച് നടത്തപ്പെട്ടു. അർമീനിയൻ കാതോലിക്കോസ് പരിശുദ്ധ അരാം പ്രഥമൻ കാതോലിക്കാ ബാവായുടെ ആസ്ഥാനത്ത് വെച്ചായിരുന്നു സമ്മേളനം. മീറ്റിംഗിന്റെ ആദ്യ ദിവസം കമ്മീഷൻ അംഗങ്ങൾ പരിശുദ്ധ കാതോലിക്കാ ബാവായുടെ നേതൃത്വത്തിൽ ലബനോൻ പ്രസിഡന്റ് മീഖായേൽ സുലൈമാനെ സന്ദർശിക്കുകയുണ്ടായി. ലബനോനിൽ മതേതരത്വവും എല്ലാ മതവിഭാഗങ്ങൾക്കുമുള്ള ഭരണ പങ്കാളിത്വവും ഉറപ്പിക്കുന്നതിനുള്ള പ്രതിബദ്ധതയെക്കുറിച്ച് പ്രസിഡന്റ് സംസാരിച്ചു. തുടർന്നുള്ള ദിവസങ്ങളിൽ വിവിധ ക്രൈസ്തവ സഭാകേന്ദ്രങ്ങൾ കമ്മീഷൻ അംഗങ്ങൾ സന്ദർശിക്കുകയുണ്ടായി. വിശ്വാസപരമായി വളരെ അടുത്തു നിൽക്കുന്ന കത്തോലിക്കാ സഭയും ഓറിയന്റൽ ഓർത്തഡോക്സ് സഭകളും കൂടുതൽ ഐക്യത്തിലേക്കും കൂട്ടായ്മയിലേക്കും കൂട്ടായ സാക്ഷ്യത്തിനായി വരേണ്ടതിന്റെ ആവശ്യകത കമ്മീഷൻ ചർച്ച ചെയ്തു. ആദ്യത്തെ അഞ്ച് നൂറ്റാണ്ടുകളിൽ ക്രിസ്തീയ സഭകൾ തമ്മിലുണ്ടായിരുന്ന കൂട്ടായ്മയും പൊതുസുന്നഹദോസുകളുമായിരുന്നു ഇപ്രാവശ്യത്തെ പ്രധാന പഠന വിഷയം. പ്രാദേശികവും സാംസ്കാരികവും രാഷ്ട്രീയവുമായ വ്യത്യസ്ഥതകൾക്കിടയിലും ലോകത്തിന്റെ നാനാഭാഗത്തും ഉണ്ടായിരുന്ന സഭകൾ വിശുദ്ധ കുർബ്ബാന ബന്ധത്തിലും കൂദാശപരമായ സഹകരണത്തിലും ഐക്യത്തിലുമായിരുന്നു എന്നതും വൈവിധ്യത സഭയുടെ ഐക്യത്തിന് തടസ്സമായിരുന്നു എന്നതും സഭകളെ ചേർത്തുനിർത്തുന്ന വിശ്വാസപരവും, സഭാവിജ്ഞാനികപരവും, പാരമ്പര്യപരവുമായ കാര്യങ്ങൾ സഭകളെ അകറ്റി നിർത്തുന്ന വ്യത്യസ്ത ഘടകങ്ങളെക്കാൾ അധികമാണെന്ന് മൂന്നാം സഹസ്രാബ്ദത്തിലുള്ള സഭകളുടെ ഐക്യത്തിന് പ്രചോദനവും മാതൃകയുമാണെന്ന് കമ്മീഷൻ വിലയിരുത്തി.

സഭാവിജ്ഞാനിയെ സംബന്ധിച്ച് പരസ്പര ധാരണയിലെത്തിയ കമ്മീഷന്റെ സംയുക്ത രേഖ സഭാതലവന്മാരുടെ അംഗീകാരത്തിനായി സമർപ്പിക്കുകയുണ്ടായി. കത്തോലിക്കാ സഭയ്ക്കു പുറമേ സിറിയൻ ഓർത്തഡോക്സ്, കോപ്റ്റിക് ഓർത്തഡോക്സ്, എറിത്രയേൽ ഓർത്തഡോക്സ്, ഇൻഡ്യൻ ഓർത്തഡോക്സ് എന്നീ സഭകളിൽനിന്നുള്ള പ്രതിനിധികളാണ് കമ്മീഷനിലുള്ളത്. ആകമാന സുറിയാനി സഭ സുന്നഹദോസ് സെക്രട്ടറിയും ലബനോൻ ആർച്ചു ബിഷപ്പുമായ അഭിവന്ദ്യ മോർ തെയോഫിലോസ് ജോർജ് സ്ലീബാ, ഇൻഡ്യയിൽനിന്നും യാക്കോബാ സുറിയാനി സഭയെ പ്രതിനിധീകരിച്ച് അഭിവന്ദ്യ ഡോ. കുര്യാക്കോസ് മോർ തെയോഫിലോസ് മെത്രാപ്പോലീത്താ കത്തോലിക്കാ സഭയെ പ്രതിനിധീകരിച്ച് റവ. ഫാ. മാത്യു വെള്ളാനിക്കൽ എന്നിവർ കേരളത്തിൽനിന്ന് സമ്മേളനത്തിൽ സംബന്ധിച്ചു

അടുത്ത സമ്മേളനം രണ്ടായിരത്തിപതിനൊന്ന് ജനുവരി 25 മുതൽ 29 വരെ പരിശുദ്ധ കത്തോലിക്കാ സഭയുടെ ആസ്ഥാനമായ വത്തിക്കാനിൽവെച്ച് കൂടുവാൻ തീരുമാനിച്ചു. *കടപ്പാട്: വിശ്വാസസംരക്ഷകൻ*



*അഭിവന്ദ്യ ഡോ. കുറിയാക്കോസ് മോർ തെയോഫിലോസ് മെത്രാപ്പോലീത്താ പരിശുദ്ധ അരാം പ്രഥമൻ കാതോലിക്കാ ബാവായോടൊപ്പം സമ്മേളന നഗറിൽ*

## തെരഞ്ഞെടുത്തു



**ജിനുമോൻ വർഗീസ് കരിമ്പന്നൂർ**

കുഴിപ്പുരയിടം വടക്കുംഭാഗം വി. മർത്തമറിയം പ്രാർത്ഥനായോഗം സെക്രട്ടറിയായി തെരെഞ്ഞെടുക്കപ്പെട്ട ജിനുമോൻ വർഗീസ് കരിമ്പന്നൂർ.

മണർകാട് വിശുദ്ധ മർത്തമറിയം യൂത്ത് അസോസിയേഷൻ ജോ. സെക്രട്ടറിയായി പ്രവർത്തിക്കുന്നു.

## വചനിപ്പ് പെരുന്നാൾ

മണർകാട് വിശുദ്ധ മർത്തമറിയം യാക്കോബായ സുറിയാനി കത്തീഡ്രലിൽ വി. ദൈവമാതാവിനോടുള്ള വചനിപ്പ് പെരുന്നാൾ മാർച്ച് 25-ന് ആചരിച്ചു. വികാരി വന്ദ്യദിശ്രീ ഇ. ടി. കുര്യാക്കോസ് കോർ എപ്പിസ്കോപ്പാ, സഹവികാരിമാർ, ട്രസ്റ്റിമാർ, സെക്രട്ടറി, മാനേജിംഗ് കമ്മറ്റിയംഗങ്ങൾ എന്നിവർ പെരുന്നാൾ ചടങ്ങുകൾക്ക് നേതൃത്വം നൽകി.







Published by St. Maryís Youth Association, Manarcad : For Private Circulation only. Printed at Revi Printers, Kottayam